കേരള സർക്കാർ

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

www.ksad.kerala.gov.in

**കിളിമാനൂർ ഗ്രാമപഞ്ചായത്ത്**

**ഓഡിറ്റ് റിപ്പോർട്ട് 2018-19**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**തിരുവനന്തപുരം ജില്ലാ**

**ജോയിന്റ് ഡയറക്ടറുടെ കാര്യാലയം**

**e-mail:lfadtvm@yahoo.in**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി വി എം /ജി പി .9/1703/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

തിരുവനന്തപുരം ജില്ല

തീയതി.11.10.19

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കിളിമാനൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കിളിമാനൂർ ഗ്രാമപഞ്ചായത്ത് -2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കിളിമാനൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം കിളിമാനൂർ ഗ്രാമ പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ കിളിമാനൂർ ഗ്രാമപഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ,തിരുവനന്തപുരം

3)കാര്യാലയ പകർപ്പ്

നം കെ എസ് എ റ്റി വി എം /ജി പി.9/1703 /2019

തീയതി:11.10.19

## തിരുവനന്തപുരം ജില്ലയിലെ കിളിമാനൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

തിരുവനന്തപുരം ജില്ലയിലെ കിളിമാനൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-08-2018 മുതൽ 20-08-2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 42 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 41 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും ,സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ എം ഷാജഹാൻ<br>ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 21-08-2019 മുതൽ 30-08-19 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീമതി വാലന്റീന.എം | ഓഡിറ്റ് ഓഫീസർ |
| | | ശ്രീമതി അസീന എ.പി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | | ശ്രീമതി ലേഖ എം.എൽ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | | ശ്രീമതി ശാലിനി വി.കെ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | | ശ്രീ ശരത് ജെ. ശങ്കർ | ഓഡിറ്റർ |

### (ബി) നിർവഹണാധികാരികൾ

| | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.എസ്.രാജലക്ഷ്മി അമ്മാൾ | 01.04.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീ. ഡി.ബാബു നന്ദകുമാർ | 01.04.2018 മുതൽ 08.07.2018 വരെ |
| | ശ്രീമതി.അശ്വതി.ഡി<br>(ജൂനിയർ സൂപ്രണ്ട്) ഇൻ ചാർജ് | 09.07.2018 മുതൽ 01.08.2018 വരെ |
| | ശ്രീ. ഡി.ബാബു നന്ദകുമാർ | 02.08.2018 മുതൽ 02.10.2018 വരെ |
| | ശ്രീമതി.അശ്വതി.ഡി<br>(ജൂനിയർ സൂപ്രണ്ട്) ഇൻ ചാർജ് | 03.10.2018 മുതൽ 10.10.2018 FN വരെ |
| | ശ്രീ.സന്തോഷ് കുമാർ.ജെ.എസ് | 10.10.2018 FN മുതൽ 20.10.2018 FN വരെ |
| | ശ്രീ.അജയകുമാർ.പി.ജി | 20.10.2018 FN മുതൽ 31.03.2019 വരെ |

### നിർവ്വഹണോദ്യോഗസ്ഥർ

| നിർവഹണോദ്യോഗസ്ഥർ | പേര് | കാലയളവ് |
|---|---|---|

| | | |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.ഷീബ.എസ് | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.സുധീർ ജേക്കബ് | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ശിവകുമാർ.വി.പി | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.ഷൈല | 01.04.2018 മുതൽ 31.03.2019 വരെ |
| വെറ്റിനറി സർജൻ | ശ്രീമതി. ശാലുമോൾ.എസ്.എസ് | 01.04.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ - 1 | ശ്രീ.ബിനു.കെ | 01.04.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ - 2 | ശ്രീമതി.ശരണ്യ.എസ്.എസ് | 28.05.2018 മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.സിന്ധു ഭാസ്കരൻ | 01.04.2018 മുതൽ 28.10.2018 വരെ |
| | ശ്രീമതി.സബിത.എ.എസ് (ഇൻ ചാർജ്) | 29.10.2018 മുതൽ 04.11.2018 വരെ |
| | ശ്രീ.നിസാം.എ.എച്ച് | 05.11.2018 മുതൽ 31.03.2019 വരെ |
| ICDS സൂപ്പർവൈസർ | ശ്രീമതി. ത്രേസി.ജെ | 01.04.2018 മുതൽ 31.03.2019 വരെ |
| എച്ച്.എം, ഗവ.എൽ.പി.എസ് | ശ്രീമതി.ശാന്തകുമാരിഅമ്മ.റ്റി.വി | 01.04.2018 മുതൽ 31.03.2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.സുജാതകുമാരി.ആർ.ജി | 01.04.2018 മുതൽ 31.03.2019 വരെ |

വി.ഇ.ഒ – 2 – 01.04.2018 മുതൽ 27.05.2018 വരെയുള്ള വിവരം ലഭ്യമാക്കിയിട്ടില്ല.

**ഉള്ളടക്കം**


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| | ഓഡിറ്റ് റിപ്പോർട്ട് | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 12 | ബജറ്റ് രൂപീകരണം- നടപടിക്രമം പാലിച്ചില്ല | 1-12 |
| 13 | രസീത് ബുക്ക് പരിപാലിക്കുന്നതിലെ അപാകതകൾ | 1-13 |
| 14 | തൊഴിൽ നികുതി - ഈടാക്കിയിട്ടില്ല | 1-14 |
| 15 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല. | 1-15 |
| 16 | ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു | 1-16 |
| 17 | റേഷൻകടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല. | 1-17 |

| | | |
|---|---|---|
| 18 | വിമുക്ത ഭടൻമാരുടെ വസ്തു നികുതി ഒഴിവാക്കിയതിന്റെ രേഖകൾ ഹാജരാക്കിയില്ല. | 1-18 |
| 19 | മൊബൈൽ ടവറിന്റെ വസ്തു നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല | 1-19 |
| 20 | ലേലം- അപാകതകൾ | 1-20 |
| 21 | പഞ്ചായത്ത് ഓഡിറ്റോറിയം - വാടക ഈടാക്കുന്നതിന് വ്യവസ്ഥയില്ല | 1-21 |
| 22 | പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ്- തിരികെ ഈടാക്കേണ്ടതാണ് | 1-22 |
| 23 | ബിൽഡിംഗ് പെർമിറ്റ് നൽകുന്നതിൽ സമയക്രമം പാലിക്കുന്നില്ല | 1-23 |
| 24 | വസ്തു നികുതി നിർണയം - പഞ്ചായത്ത് രാജ് ചട്ടങ്ങൾ പാലിക്കുന്നില്ല | 1-24 |
| 25 | വസ്തുനികുതി -വ്യക്തമായ രേഖകളുടെ അഭാവത്തിൽ ഡിമാന്റിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു | 1-25 |
| 26 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ- അപാകതകൾ | 1-26 |
| 27 | ലൈബ്രറി പ്രവർത്തനം - അപാകങ്ങൾ | 1-27 |
| 28 | ഇ ടെണ്ടർ സംവിധാനത്തിൽ നിന്നും ലഭിക്കേണ്ട ടെണ്ടർ ഫാറം വില ജില്ലാ പഞ്ചായത്തിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. | 1-28 |
| 29 | ചെലവഴിക്കാത്ത സംയുക്ത പ്രോജക്ട് വിഹിതം തിരിച്ചടക്കേണ്ടതാണ്. | 1-29 |
| 30 | കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളുടെയും സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നതിൽ അപാകത | 1-30 |
| 31 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-31 |
| 32 | പദ്ധതി തുക പിൻവലിച്ചത് പൂർണ്ണമായും ചെലവഴിച്ചില്ല. | 1-32 |
| 33 | എം ജി എൻ ആർ ഇ ജി എസ് - ചെലവ് തുക തനത് ഫണ്ടിലേക്ക് റീക്കൂപ്പ് ചെയ്യേണ്ടതാണ്. | 1-33 |
| 34 | ഡൈനിംഗ് ഹാൾ നിർമ്മാണം- പ്രവൃത്തിയുടെ GST തുക ഒടുക്കിയിട്ടില്ല. | 1-34 |
| 35 | മറവക്കുഴി റോഡ് II മെറ്റലിംഗ് , ടാറിംഗ് - പൊതുമരാമത്ത് മാന്വൽ വ്യവസ്ഥ പാലിച്ചില്ല – ഓഡിറ്റ് കണ്ടെത്തലിനെ തുടർന്ന് തുക അടവാക്കി | 1-35 |
| 36 | പൊതു കിണർ നവീകരണം - ആവശ്യമായ സ്ഥലപരിശോധന നടത്താതെ എസ്റ്റിമേറ്റ് തയ്യാറാക്കി - പദ്ധതി ഭാഗികമായി ഉപേക്ഷിക്കേണ്ടി വരികയും പൂർത്തീകരിക്കുന്നതിൽ കാലതാമസം നേരിടുകയും ചെയ്യുന്നു | 1-36 |
| 37 | മരാമത്ത് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിൽ കാലതാമസം - പൊതുമരാമത്ത് മാന്വൽ വ്യവസ്ഥ പാലിക്കുന്നില്ല | 1-37 |
| 38 | ഓട്ടോറിക്ഷ വിതരണം - ആർ.സി ബുക്കിന്റെ പകർപ്പ് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല | 1-38 |
| 39 | അജൈവമാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ- തുടർനടപടികൾ സ്വീകരിച്ചില്ല | 1-39 |
| 40 | ഗുണഭോക്തൃ ലിസ്റ്റിൽ ഇല്ലാത്തവർക്ക് ലാപ്ടോപ് വിതരണം ചെയ്തു. | 1-40 |
| 41 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ മുഴുവൻ ലഭ്യമായിട്ടില്ല. | 1-41 |
| | ഭാഗം 2 | |
| | വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 1 | മരാമത്ത് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിൽ കാലതാമസം- പിഴ ഈടാക്കുന്നില്ല | 2-1 |
| | ഭാഗം 3 | |
| | **ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| | ഇല്ല | |
| | ഭാഗം 4 | |

| | | |
|---|---|---|
| | പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 43 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 44 | സംയുക്തപ്രോജക്റ്റുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 45 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 46 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 47 | വായ്പ / വായ്പ തിരിച്ചടവ് | 4-5 |
| 48 | സ്ഥിര നിക്ഷേപം | 4-6 |
| 49 | ഓഡിറ്റ് റിക്കവറി | 4-7 |
| 50 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 51 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 52 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 53 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

26-3-2018 തീയതിയിലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 22-1-2019.തീയതിയിലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-19 | 08-05-19 | - | - |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 4365719 |
| വരവ് | 102024376 |
| ആകെ | 106390095 |
| ചെലവ് | 89599274 |
| നീക്കിയിരിപ്പ് | 16790821 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 13468924 | 13468924 | 13468924 | 0 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 9544843 | 9544843 | 9544843 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 12297000 | 12297000 | 12297000 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 2884745 | 2884745 | 2884745 | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 6642331 | 6642331 | 6642331 | 0 |

| | | | | | | |
|---|---|---|---|---|---|---|
| (ACR പ്രകാരം) | | | | | | |
| സാക്ഷരത | | 2349 | 0 | 2349 | 0 | 2349 |
| എം.ജി.എൻ. ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 34194000 | 34194000 | 34194000 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 2539 | 695417 | 697956 | 695679 | 2277 |
| എസ് ബി ഐ ലൈഫ് | | 0 | 20362273 | 20362273 | 19220000 | 1142273 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | | -392552 | 12448244 | 12055692 | 9935018 | 2120674 |
| ബി ഫണ്ട് | | | 856720 | 856720 | 856720 | 0 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 5312370 | 14384447 | 19696817 | 13261581 | 6435236 |
| | ട്രഷറി അക്കൗണ്ട് | -558987 | 8439432 | 7880445 | 792433 | 7088012 |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 162 | 106490917 | 131 | 72420283 | 1 | 30 | 81% |

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2539 | 695417 | 697956 | 695679 | 2277 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 34194000 | 34194000 | 34194000 | 0 |
| ആകെ | 2539 | 34889417 | 34891956 | 34889679 | 2277 |

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 605160 | 340 |
| കർഷകതൊഴിലാളി പെൻഷൻ | 5244800 | 413 |
| വിധവാപെൻഷൻ | 12837700 | 1084 |
| വാർദ്ധക്യകാലപെൻഷൻ | 24423300 | 2061 |
| വികലാംഗപെൻഷൻ | 3223700 | 260 |

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22-08-2019 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 21895/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തരനിയന്ത്രണം

ഒരു സ്ഥാപനത്തിന്റെ വളർച്ചയുടെ പ്രഥമ ഘടകം കുറ്റമറ്റ ആഭ്യന്തര നിയന്ത്രണസംവിധാനം ആണ്. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണസംവിധാനം ഇനിയും ഏറെ മെച്ചപ്പെടേണ്ടതുണ്ട്. രജിസ്റ്ററുകളുടേയും വിവരശേഖരണ സംവിധാനങ്ങളുടേയും കാലികമായും കൃത്യമായുമുള്ള സൂക്ഷിപ്പ് ഭരണസമിതി ഉദ്യോഗസ്ഥതലങ്ങളിൽ പ്രത്യേക ശ്രദ്ധ ഊന്നേണ്ട വിഷയമാണ്. നികുതി നികുതിയേതര വരുമാനങ്ങൾ വർദ്ധിക്കേണ്ടത് പഞ്ചായത്തിന്റെ പുരോഗതിയുടെ അവശ്യ ഘടകമാണ്. ട്രേഡേഴ്സ് രജിസ്റ്റർ കാലികമാക്കി തയ്യാറാക്കി സൂക്ഷിക്കാത്തത് സ്ഥാപനത്തിന്റെ വരുമാന വർദ്ധനവിനെ ബാധിക്കുന്നു. വരവ് നിർണ്ണയിക്കുന്നതിലും ഫീസ് പിരിക്കുന്നതിലുമുള്ള അപാകങ്ങൾ മറ്റ നികുതിയിനങ്ങളിലെ വരവുകൾ സംബന്ധിച്ച രജിസ്റ്ററുകളുടെ കൃത്യതക്കുറവ് എന്നിവ അടിയന്തിരമായി പരിഹരിക്കപ്പെടേണ്ടതാണ്. വരവ് ചെലവ് കണക്കുകൾ ബജറ്റിന്റെ അടിസ്ഥാനത്തിൽ മോണിട്ടർ ചെയ്യുന്നില്ല. വസ്തുനികുതി, തൊഴിൽ നികുതി ഇനങ്ങളിലെ ഡിമാന്റ് കളക്ഷൻ ബാലൻസ് തുകകൾ സെക്ഷൻ പരിപാലിക്കുന്ന രജിസ്റ്ററും എ.എഫ്.എസ്സുമായി പൊരുത്തപ്പെടുന്നില്ല. വരവുകൾ കൃത്യമായി തിട്ടപ്പെടുത്തുകയും ഈടാക്കുകയും ചെയ്യുന്നുവെന്ന് ഉറപ്പ് വരുത്തുകയും കുടിശ്ശികകൾ ഈടാക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

ജി.ഒ.(എം.എസ് ) 255/13 ത.സ്വ.ഭ.വ തീയതി 18.7.2013ലെ വ്യവസ്ഥകൾക്ക് അനുസൃതമായി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

2018-19 വർഷം വാഹനത്തിന് പെട്രോൾ അടിച്ച വകയിൽ 149695/- രൂപ ചെലവഴിച്ചിട്ടുണ്ട്. മാസം ശരാശരി 12475/- രൂപ ഇത്തരത്തിൽ ചെലവഴിക്കുന്നുണ്ട്. മാസം 10,000/- രൂപ കണ്ടിജൻസി ചെലവായി പഞ്ചായത്തിന് ചെലവഴിക്കാവുന്നതാണ്. എന്നാൽ ഈ പരിധിയിൽ നിന്നും അധികരിച്ച് വാഹനചെലവിന് തുക അനുവദിക്കുന്നു. താരതമ്യേന വരുമാനം കുറഞ്ഞ പഞ്ചായത്തായതിനാൽ വാഹന ഉപയോഗത്തിൽ നിയന്ത്രണം പാലിക്കേണ്ടതാണ്.

<u>പദ്ധതി രൂപീകരണവും നടത്തിപ്പും</u>

വിവിധ ഫണ്ടുകളുടെ വിന്യാസം ലഭ്യത എന്നിവ കണക്കിലെടുത്തു കൊണ്ട് പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളിൽ ഭരണ-ഉദ്യോഗസ്ഥ തലങ്ങളിൽ കൂടുതൽ ശ്രദ്ധ ഊന്നേണ്ടതുണ്ട്. ആസൂത്രണസമിതി, വർക്കിങ്ങ് ഗ്രൂപ്പിന്റെ രൂപീകരണം, വികസന സെമിനാർ, വാർഷിക പദ്ധതി അംഗീകാരം എന്നീ നടപടിക്രമങ്ങളിൽ മാർഗരേഖ പ്രകാരമുള്ള സമയക്രമം പാലിച്ചിട്ടില്ല. കർമ്മപദ്ധതി തയ്യാറാക്കിയിട്ടില്ല. വർക്കിങ്ങ് ഗ്രൂപ്പിന്റെയും മോണിറ്ററിങ്ങ് സമിതിയുടേയും പ്രവർത്തനം തൃപ്തികരമല്ല. ഗ്രാമസഭായോഗങ്ങളിൽ ഉയർന്നു വരുന്നതും വർക്കിങ്ങ് ഗ്രൂപ്പ് ചർച്ച ചെയ്ത് തെരഞ്ഞെടുക്കപ്പെടുന്നതുമായ പല പ്രോജക്ടുകളും നടപ്പിലാക്കപ്പെടുന്നില്ല. സ്റ്റാറ്റസ് റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള ആവശ്യകത പദ്ധതി രൂപീകരണ ഘട്ടങ്ങളിൽ പരിഗണിക്കപ്പെട്ടിട്ടില്ല.

<u>പൊതുഭരണം</u>

29.01.15ലെ ജി.ഒ.(എം.എസ്.)18/2015ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനത്തെ ഗുണമേന്മയുള്ളതാക്കാൻ ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് നടപ്പിലാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. ആയത് നടപ്പിലാക്കിയിട്ടില്ല. ഓഫീസ് ക്രമീകരണത്തിന് വേണ്ടി ഓഫീസ് ഉത്തരവ് തയ്യാറാക്കി ജീവനക്കാരുടെ ജോലി വിഭജനം കൃത്യമായി നിർവ്വഹിച്ചിട്ടുണ്ട്. ഓഫീസ് മീറ്റിംഗ് എല്ലാ മാസവും കൃത്യമായി കൂടുന്നില്ല. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ പരിപാലിക്കുന്നുണ്ടെങ്കിലും രജിസ്റ്ററിൽ സൂപ്പർവൈസിംഗ് ഓഫീസർ എല്ലാ ദിവസവും സാക്ഷ്യപ്പെടുത്തൽ വരുത്തുന്നില്ല.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | - | 5/2019 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 06.09.2018 | 2013-14 മുതൽ 2017-18 വരെ | - |

# 1-11 വാർഷികകണക്കുകളിലെ അപാകതകൾ

നം. കെ. എസ്. എ/ റ്റി. വി. എം/ ജി. പി 9/1414/2019 തീയതി 19-08-19 പ്രകാരം പുറപ്പെടുവിച്ച വാർഷികധനകാര്യപത്രികയുടെ സാക്ഷ്യപത്രത്തിൽ ഉൾപ്പെടാത്ത മറ്റ് പരാമർശങ്ങൾ

1. പ്രോപ്പർട്ടി ടാക്സ് റസിഡൻഷ്യൽ ബിൽഡിംഗ് ഇനത്തിൽ 385580/-രൂപയും നോൺ റസിഡൻഷ്യൽ ഇനത്തിൽ 22817/-രൂപയും I -18 പ്രകാരം ഡിമാന്റിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ആയതിന് പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം ഇല്ല.

2. B-18 ഷെഡ്യൂൾ പ്രകാരം Advances to other acrediated Agencies 17072/-രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അപ്രകാരം acrediated Agencies യിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടില്ല.

3. B-18 ഷെഡ്യൂൾ പ്രകാരം Advances to implimenting Officers 226846/-രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അഡ്വാൻസ് രജിസ്റ്റർ പ്രകാരം അത്തരത്തിൽ തുക ലഭിക്കാൻ അവശേഷിക്കുന്നില്ല.

# 1-12 ബജറ്റ് രൂപീകരണം- നടപടിക്രമം പാലിച്ചില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് ,വകുപ്പ് 214 ഉപവകുപ്പ് (1) പ്രകാരം വകുപ്പ് പ്രകാരം സർക്കാർ അതതു സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങളും വിധേയമായി വാർഷിക ബജറ്റ് രൂപീകരണത്തിനായി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളും ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | നടപടിക്രമം | ഗ്രാമപഞ്ചായത്തിന്റെ നടപടിക്രമം |
|---|---|---|---|
| 1 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസൽ ആവശ്യപ്പെടൽ | 2017ഡിസംബർ 15-ന് മുൻപ് | ബജറ്റ് പ്രപ്പോസൽ ആവശ്യപ്പെട്ടിട്ടുണ്ട് തീയതി രേഖപ്പെടുത്തിയിട്ടില്ല |
| 2 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസലുകൾ ഘടകസ്ഥാപനങ്ങൾ സമർപ്പിക്കൽ | 2018ജനുവരി 15-ന് മുൻപ് | 10 ഘടക സ്ഥാപനങ്ങളിൽ 6 ഘടക ഘടകസ്ഥാപനങ്ങൾ മാത്രമാണ് സമർപ്പിച്ചിട്ടുള്ളത് തീയതി രേഖപ്പെടുത്തിയിട്ടില്ല |
| 3 | ക്രോഡീകരണത്തിനായി വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ ചേരൽ | 2018ജനുവരി 25-ന് മുൻപ് | വികസനം-22.03.18 ക്ഷേമകാര്യം-01.03.18 ആരോഗ്യം-01.03.18 |
| 4 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ പ്രെപ്പോസൽ വയ്ക്കൽ,ക്രോഡീകരണം | 2018ഫെബ്രുവരി 1-ന് മുൻപ് | വിവരം മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടില്ല. |
| 5 | ബജറ്റ് വർഷത്തേക്കുള്ള വാർഷിക പദ്ധതി അംഗീകാരം | 2018ഫെബ്രുവരി 28-ന് മുൻപ് | 01.03.2018 ൽ അംഗീകരിച്ചു |
| 6 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി കരട് ബജറ്റ് നിർമ്മാണം/ അംഗീകരിക്കൽ | 2018മാർച്ച് 1-ന് മുൻപ് | 22.03.18 ൽ അംഗീകരിച്ചു |
| 7 | കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | 2018മാർച്ച് 7-ന് മുൻപ് | 26.03.18 ൽ കമ്മിറ്റി ചേർന്നു. |
| 8 | അന്തിമ ബജറ്റ് അംഗീകാരത്തിനായി പ്രത്യേക പഞ്ചായത്ത് കമ്മിറ്റി ചേരൽ | 2018മാർച്ച് 31-ന് മുൻപ് | 26.03.18 ന് കമ്മിറ്റി ചേർന്നു. |

ബജറ്റ് തയ്യാറാക്കുന്നതിനാവശ്യമായ ശുപാർശകൾ ലഭ്യമാക്കുവാൻ ഗ്രാമപഞ്ചായത്ത് ഘടകസ്ഥാപനങ്ങളോട് ആവശ്യപ്പെട്ടെങ്കിലും 6 ഘടകസ്ഥാപനങ്ങൾ മാത്രമാണ് ബജറ്റ് ശുപാർശ സമർപ്പിച്ചിട്ടുള്ളത്. പഞ്ചായത്ത് രാജ്

നിയമത്തിലെ 214-ാം വകുപ്പിൽ നിഷ്കർഷിച്ചിരിക്കുന്ന നടപടിക്രമങ്ങൾ പൂർണ്ണമായും പാലിക്കാതെ ഘടകസ്ഥാപനങ്ങളുടെ ആവശ്യകതാ നിർണ്ണയം നടത്താതെയാണ് ബജറ്റ് തയ്യാറാക്കിയത്. നടപടിക്രമങ്ങൾ പൂർണമായും പാലിച്ചുകൊണ്ട് ബജറ്റ് തയ്യാറാക്കാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

# 1-13 രസീത് ബുക്ക് പരിപാലിക്കുന്നതിലെ അപാകതകൾ

**1-13 a)ഡബിൾ സൈഡഡ് കാർബൺ ഉപയോഗിച്ചില്ല.**

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ, ചട്ടം 20(സി) പ്രകാരം കയ്യെഴുത്ത് സമ്പ്രദായത്തിൽ നൽകുന്ന രസീതുകൾ ഡബിൾ സൈഡഡ് കാർബൺ ഉപയോഗിച്ച് എഴുതിയവയായിരിക്കണം. എന്നാൽ ഗ്രാമപഞ്ചായത്തിലെ രസീത് ബുക്ക് നം.10981രസീത് നം.17 മുതൽ 62 വരെയുള്ള രസീതുകളിൽ വൺസൈഡഡ് കാർബൺ ഉപയോഗിച്ചാണ് തുക പിരിച്ചെടുത്തിട്ടുള്ളത്.

**b)സാംഖ്യയിൽ ഇന്ററപ്റ്റഡ് രസീത് രേഖപ്പെടുത്തിയിട്ടില്ല**

സാംഖ്യ സോഫ്റ്റ്‌വെയർ പ്രവർത്തന രഹിതമായിരിക്കുമ്പോൾ ഫ്രണ്ട് ഓഫീസ് വഴി നൽകുന്ന ഓരോ മാന്വൽ രസീതും സാംഖ്യയിൽ ഇന്ററപ്റ്റഡ് രസീതായി ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ ഫ്രണ്ട് ഓഫീസ് രസീത് ബുക്ക് നം.10980, രസീത് നം.34 മുതൽ 51 വരെയുള്ള രസീതുകൾ ഇന്ററപ്റ്റഡ് രസീതായി സാംഖ്യയിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.17/28.08.2019 ന് ലഭിച്ച മറുപടിയിൽ രസീത് ബുക്കുകൾ കൈകാര്യംചെയ്ത ജീവനക്കാരുടെ അശ്രദ്ധ മൂലമാണ് മേൽ അപാകതകൾ സംഭവിച്ചതെന്നും ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കില്ലായെന്നും അറിയിച്ചിട്ടുണ്ട്. രസീത് ബുക്കുകൾ പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരം ശരിയായ രീതിയിൽ പരിപാലിക്കേണ്ടതും ഓഫീസ് മേധാവി ആയത് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതുമാണ്.

# 1-14 തൊഴിൽ നികുതി - ഈടാക്കിയിട്ടില്ല

2018-19 തൊഴിൽ നികുതി രജിസ്റ്ററുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങൾ രണ്ടാം പകുതി സ്ഥാപന തൊഴിൽ നികുതി അടച്ചതായും ഒന്നാം പകുതി രണ്ടാം പകുതി അടക്കാത്തതായും കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു

1. മിൽക്ക് സൊസൈറ്റി, പനപ്പാംകുന്ന്.

2. മിൽക്ക് സൊസൈറ്റി മലയാമഠം.

3. കെ വി ക്ലിനിക്ക്, പോങ്ങനാട്

മേൽ സ്ഥാപനങ്ങൾക്ക് കത്ത് നൽകിയിട്ടുണ്ടെന്നും തൊഴിൽ നികുതി ഒടുക്കുന്ന മുറയ്ക്ക് ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും ഓഡിറ്റ് എൻക്വയറിക്ക്(നം.16) മറുപടി നൽകിയിട്ടുണ്ട്. തൊഴിൽ നികുതി ഈടാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

# 1-15 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം 2018-19 വർഷം ഗ്രാമ പഞ്ചായത്തിന് കീഴിലുള്ള മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. കോൺട്രാക്ടേഴ്സ് ലിസ്റ്റ് പരിശോധിച്ചതിൽ താഴെപ്പറയും വിധം കരാറുകാർ മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ട്.

| ക്രമ നം | പേര് | വിലാസം |
|---|---|---|
| 1 | മുഹാബിൻ സേട്ട് | മെഹ്ഫിൽ മൻസിൽ , വേങ്കോട്, വട്ടപ്പാറ |
| 2 | രാജേന്ദ്രബാബു | ചന്ദ്രഭവനം,പോങ്ങനാട് |
| 3 | ബിജു.വി.എസ് | അദ്വൈതം, പഴവിള, കിളിമാനൂർ |
| 4 | നാദർഷാൻ | പുതുവൽവിള പുത്തൻവീട്,പള്ളിക്കൽ |
| 5 | അക്ബർഷാ | കൊടിവിള വീട്, ഞാവേലിക്കോണം, |

| | | |
|---|---|---|
| | | കിളിമാനൂർ |
| 6 | രവീന്ദ്രക്കുറുപ്പ് | മുളക്കാട്ടിൽ വീട്, കൊല്ലയിൽ |
| 7 | അരുൺ എസ് | അരുൺ ഭവൻ, വെഞ്ഞാറമൂട് |
| 8 | നാസറുദ്ദീൻ | കടയിൽ വീട് , തൊളിക്കുഴി |
| 9 | അബ്ദുൾബാരി | പഴവിള വീട്, പള്ളിക്കൽ |
| 10 | ശ്രീകണ്ഠൻ നായർ | എസ്.കെ വിലാസ്, ചൂട്ടയിൽ |
| 11 | ലൂണ എസ്.കെ | എസ്.കെ വിലാസ്, ചൂട്ടയിൽ |
| 12 | അനിൽകുമാർ | പണയിൽവീട്, ആൽത്തറമൂട് |
| 13 | സനൽകുമാർ | ബീനഭവൻ,മാവുവിള |
| 14 | ഗിരീഷ് കുമാർ | ശ്രീ വിഹാർ, വെങ്ങാനൂർ |
| 15 | ശശാങ്കൻ എസ് | ദേവി നിവാസ്, തട്ടാമല |
| 16 | രാജു | പാറവിള വീട്, മടവൂർ |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ.02/22.08.19ന് ലഭ്യമാക്കിയ മറുപടിയിൽ മേൽ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പരിധിയിലെ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നുണ്ടെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതുമാണ്.

# 1-16 ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു

1994 ലെ കേരള പഞ്ചായത്തിരാജ് നിയമം വകുപ്പ് 266,1999ലെ കേരള പഞ്ചായത്തിരാജ്യ(ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ)ചട്ടങ്ങൾ,ചട്ടം3(1) പ്രകാരം രജിസ്ട്രേഷൻ ഇല്ലാതെ പഞ്ചായത്ത് പരിധിക്കുള്ളിൽ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രവർത്തിക്കാൻ പാടില്ല. ഒരു സ്ഥാപനം പ്രവർത്തിക്കുന്നതിന് മുൻപുതന്നെ രജിസ്ട്രേഷനുള്ള അപേക്ഷയും ചട്ടം 3(2)പ്രകാരമുള്ള രജിസ്ട്രഷൻ ഫീസും പഞ്ചായത്തിൽ ഒടുക്കേണ്ടതും, ചട്ടം3(3)പ്രകാരം പഞ്ചായത്ത് ഉദ്യോഗസ്ഥർ കെട്ടിടത്തിന്റെ സൗകര്യങ്ങൾ പരിശോധിച്ചാണ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്. എന്നാൽ പഞ്ചായത്ത് പരിധിയിലുള്ള ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഇല്ലാതെയാണ് പ്രവർത്തിച്ച് വരുന്നത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.14/22.08.19ന് ലഭിച്ച മറുപടിയിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്ന 4 ട്യൂട്ടോറിയൽ സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ എടുക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. രജിസ്ട്രേഷനില്ലാതെ ചട്ടവിരുദ്ധമായി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് ഗ്രാമപഞ്ചായത്തിന്റെ ജാഗ്രതക്കുറവിനെയാണ് സൂചിപ്പിക്കുന്നത്. ഇത്തരത്തിലുള്ള ചട്ട ലംഘനം റിപ്പോർട്ട് ചെയ്യുന്നതിനും തടയുന്നതിനുമുള്ള സംവിധാനമൊരുക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-17 റേഷൻകടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളിൽ നിന്നും 2018-19 വർഷത്തേയ്ക്ക് തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 10/22.08.19 ന് ലഭ്യമാക്കിയ മറുപടിയിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ 8റേഷൻകടകൾ പ്രവർത്തിക്കുന്നതായി അറിയിച്ചിട്ടുണ്ട്. മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി,സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ഈ വിഷയം പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

# 1-18 വിമുക്ത ഭടൻമാരുടെ വസ്തു നികുതി

# ഒഴിവാക്കിയതിന്റെ രേഖകൾ ഹാജരാക്കിയില്ല.

സ.ഉ(കൈ)നം.106/17/തസ്വഭവ തീ.26.05.2017 പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ കെട്ടിട നികുതി ഇളവിന് അർഹരായവർ ഓരോ വർഷവും മാർച്ച് 31 ന് മുമ്പായി നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. കൂടാതെ ഇളവിന് അർഹരായവരുടെ പ്രത്യേക രജിസ്റ്റർ സൂക്ഷിക്കേണ്ടതും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ സഞ്ചയ സോഫ്റ്റവെയറിൽ 2018-19 വർഷത്തേയ്ക്ക് വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയ വ്യക്തികളുടെ വിവരങ്ങൾ ഉൾപ്പെട്ട രജിസ്റ്ററും സാക്ഷ്യപത്രവും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.33/29.08.2019 ന് ലഭിച്ച മറുപടിയിൽ രേഖകൾ ഓഡിറ്റ് ഓഫീസിൽ പരിശോധനയ്ക്ക് ഹാജരാക്കുമെന്ന് അറിയിച്ചിട്ടുണ്ട്. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

# 1-19 മൊബൈൽ ടവറിന്റെ വസ്തു നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല

2018-19 വർഷം ഗ്രാമപഞ്ചായത്ത് പ്രദേശത്തുള്ള താഴെപ്പറയുന്ന മൊബൈൽ ടവറിൽ നിന്നും വസ്തുനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം | ടവറിന്റെ വിവരം | വാർഡ് നം/ കെട്ടിട നം | വിസ്തീർണ്ണം |
|---|---|---|---|
| 1 | ഇന്ത്യ ടെലികോം ഇൻഫ്രാ ലിമിറ്റഡ് | 5/297A | 18.00 $m^2$ |
| 2 | വാഴ്‌വേലനിൻ ബിൽഡിംഗ് | 10/168 | 18.00 $m^2$ |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം( നം.07/22.08.19)-ന് നൽകിയ മറുപടിയിൽ സഞ്ചയ സോഫ്റ്റ്വെയർ പ്രകാരം ഡിമാന്റ് ചെയ്ത ബാക്കിയുള്ള ടവറുകളിൽ നിന്നും നികുതി ഈടാക്കിയിട്ടുണ്ട് എന്നറിയിച്ചിട്ടുണ്ട്. ഡിമാന്റ് ചെയ്യാത്ത ടവറുകളിലെ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ഈ വിഷയം പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

# 1-20 ലേലം- അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ വാടക, ലേലം എന്നിവയുടെ ഫയൽ, രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുള്ള GLPS കോമ്പൗണ്ടിൽ അപകടാവസ്ഥയിൽ നിൽക്കുന്ന തേക്ക്, മാവ്, പ്ലാവ് എന്നീ മരങ്ങൾ മുറിച്ച് മാറ്റി വിൽക്കുന്നതിന് 20.04.18, 10.05.18, 14.09.18 എന്നീ ദിവസങ്ങളിൽ ലേലം വെച്ചിരുന്നു.

പഞ്ചായത്തിന്റെ അധീനതയിലുള്ള മുളക്കലത്തുകാവ് PHC യിലെ തേക്ക്, അക്കേഷ്യ എന്നീ മരങ്ങൾ മുറിച്ച് മാറ്റി വിൽക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം 18.06.18 നും 10.07.18 നും ലേലത്തിൽ വെച്ചു.

മേൽ ലേലങ്ങളിൽ ആരും പങ്കെടുത്തില്ല എന്ന കാരണത്താൽ വിൽപന നടന്നിട്ടില്ല. ഇതു സംബന്ധിച്ച സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.18ന് വാല്യൂവേഷൻ തുക കൂടുതലായതിനാലാണ് ലേലത്തിൽ ആരും പങ്കെടുക്കാതിരുന്നതെന്നും തുക കുറയ്ക്കുന്നതിന് ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന് കത്ത് നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ലേലനടപടികൾ പൂർത്തിയാക്കുന്നതിന് പഞ്ചായത്ത് ഭരണസമിതി അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. AFS പ്രകാരം ഫലവൃക്ഷങ്ങളിൽ നിന്നുള്ള ലേലത്തിൽ നിന്നും 6305/- രൂപ വരുമാനമുള്ളതായി കാണുന്നു. എന്നാൽ ലഭ്യമാക്കിയ രേഖകൾ പ്രകാരം 3130/- രൂപയാണ് കാണുന്നത്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 18ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വ്യത്യാസത്തിന്റെ കാരണം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-21 പഞ്ചായത്ത് ഓഡിറ്റോറിയം - വാടക ഈടാക്കുന്നത് ക്രമപ്രകാരമല്ല

AFS പ്രകാരം ഓഡിറ്റോറിയം വാടകക്ക് നൽകിയ ഇനത്തിൽ 7300/- രൂപ വരുമാനം കാണിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ കോൺഫറൻസ് ഹാൾ പല പരിപാടികൾക്കും വാടകക്ക് നൽകുന്നുണ്ട്. ആയതിന്റെ രജിസ്റ്റർ, വാടക നിരക്ക് കണക്കാക്കിയത് സംബന്ധിച്ച പഞ്ചായത്ത് കമ്മിറ്റി തീരുമാനം എന്നിവയൊന്നും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 18 ) മറുപടി ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റോറിയത്തിൽ നിന്നുള്ള വാടക പിരിക്കുന്നതിന് പ്രത്യേകം നിരക്കും വ്യവസ്ഥകളും നിശ്ചയിക്കേണ്ടതാണ്.

# 1-22 പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ്- തിരികെ ഈടാക്കേണ്ടതാണ്.

കാറ്റഗറി 2 ൽ പെടുന്ന കിളിമാനൂർ ഗ്രാമപഞ്ചായത്തിൽ വാസഗൃഹങ്ങൾക്ക് ഈടാക്കേണ്ട പെർമിറ്റ് ഫീസ് (ചതുരശ്ര മീറ്ററിന്) നിരക്ക് മൂന്ന് രൂപയും വ്യാവസായിക ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് ഈടാക്കേണ്ട പെർമിറ്റ് ഫീസ് 5 രൂപയുമാണ്. എന്നാൽ പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ മേൽ നിരക്കിലല്ലാതെ കുറവായി തുക ഈടാക്കിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഫയൽ നം. | അപേക്ഷകന്റെ പേര് | കെട്ടിടത്തിന്റെ തരം | ഫ്ളോർ ഏരിയ | ഈടാക്കേണ്ടത് | ഈടാക്കിയത് |
|---|---|---|---|---|---|
| 2798/18/3.5.18 | ഷാനവാസ്, കുന്നിൽ വീട്, അരൂർ | വാണിജ്യം | 39.8 | 199 | 179 |
| 2932/18/8.5.18 | ഷംസുദീൻ, കുഴിവിള വീട് | വാണിജ്യം | 48.12 | 241 | 60 |
| A3-5740/8.10.18 | ജ്യോതിഷ് കൃഷ്ണ, പുളിയറ വീട് | ഗാർഹികം | 230.48 | 692 | 117 |
| A3-360/25.1.19 | ഷീജ, ദിനേഷ് കുമാർ, വാറുവിള പുത്തൻ വീട് | ഗാർഹികം | 82.52 | 247.56 | 82.52 |
| A3-460/31.01.2019 | ജാൻസി വിജയകുമാർ, സി,സി ഭവൻ മലയാമഠം | ഗാർഹികം | 174.61 | 524 | 315 |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 36ന് അപേക്ഷകർക്ക് കുറവ് വന്ന തുക അടയ്ക്കുന്നതിനായി രേഖമൂലം കത്ത് നൽകുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. കുറവു വന്ന തുക തിരികെ ഈടാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

# 1-23 ബിൽഡിംഗ് പെർമിറ്റ് നൽകുന്നതിൽ സമയക്രമം പാലിക്കുന്നില്ല

കേരള പഞ്ചായത്ത് രാജ് (കെട്ടിട നിർമ്മാണ ചട്ടങ്ങൾ2011) ചട്ടം 15 പ്രകാരം നിർമ്മാണം നടത്തുന്നതിനുള്ള അനുവാദം സെക്രട്ടറി നൽകുകയോ നിരസിക്കുകയോ ചെയ്യേണ്ട കാലയളവ് 30 ദിവസമാണ്. എന്നാൽ മേൽ ചട്ടം അനുശാസിക്കും പ്രകാരം ബിൽഡിംഗ് പെർമിറ്റ് നൽകുന്നതിൽ സമയക്രമം പാലിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| അപേക്ഷ ലഭിച്ച തീയതി | അപേക്ഷകന്റെ പേര് | കെട്ടിടത്തിന്റെ തരം | ബിൽഡിംഗ് പെർമിറ്റ് തീയതി |
|---|---|---|---|
| A3/342/23.01/19 | സരളാദേവി, കടംപര വീട് | ഗാർഹികം | A3-324/17/25.4.19 |
| A3-360/25.1.19 | ഷീജ, ദിനേഷ് കുമാർ, വണ്ണില പുത്തൻവീട് | ഗാർഹികം | A3BA(52000)/19/1.3.19 |

കേരള പഞ്ചായത്ത് രാജ് ചട്ടത്തിൽ അനുശാസിക്കും പ്രകാരമുള്ള സമയക്രമം പാലിച്ചുകൊണ്ട് ബിൽഡിംഗ് പെർമിറ്റ് നൽകുന്നതിന് ശ്രദ്ധ ചെലുത്തേണ്ടതാണ്.

# 1-24 വസ്തു നികുതി നിർണയം - പഞ്ചായത്ത് രാജ് ചട്ടങ്ങൾ

# പാലിക്കുന്നില്ല

2011ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 11 (1),(2) എന്നിവ പ്രകാരം ഓരോ കെട്ടിടത്തിന്റെയും ഉടമ, തന്റെ കെട്ടിടത്തെ സംബന്ധിച്ച എല്ലാ വിവരങ്ങളടങ്ങിയതും അവ സത്യമാണെന്ന് സ്വയം സാക്ഷ്യപ്പെടുത്തിയതുമായ വസ്തു നികുതി റിട്ടേൺ 10-ാം ചട്ടം (2)ാം ഉപചട്ടം പ്രകാരം സെക്രട്ടറി പ്രസിദ്ധീകരിക്കുന്ന നോട്ടീസിൽ ആവശ്യപ്പെടുന്ന സമയപരിധിക്കകം സെക്രട്ടറി അല്ലെങ്കിൽ സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ മുൻപാകെ സമർപ്പിക്കേണ്ടതാണ്. കെട്ടിട ഉടമ സമർപ്പിക്കുന്ന വസ്തു നികുതി റിട്ടേൺ ഈ ചട്ടങ്ങൾക്ക് അനുബന്ധമായി ചേർത്തിട്ടുള്ള ഫാറം -2ൽ ആയിരിക്കേണ്ടതാണ്. മേൽ ചട്ടം 12(4) പ്രകാരം കെട്ടിട ഉടമവസ്തുനികുതി റിട്ടേൺ സമർപ്പിച്ച സംഗതിയിൽ , സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ കെട്ടിടത്തെ സംബന്ധിച്ച വിവരങ്ങൾ ആറുമാസത്തിനകം സ്ഥലത്തു പോയി ഫാറം 6ൽ ശേഖരിക്കേണ്ടതും, അപ്രകാരം ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ സെക്രട്ടറി വസ്തു നികുതി നിർണ്ണയം നടത്തേണ്ടതും ആ വിവരം വസ്തു നികുതി നിർണ്ണയ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്.

വസ്തു നികുതി ദായകരുടെ ഫാറം-2ലുള്ള വസ്തുനികുതി റിട്ടേൺ, ഫോറം 6 എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 37,39 എന്നിവയ്ക്ക് നിലവിൽ ഫാറം- 2 വാങ്ങി സൂക്ഷിച്ചിട്ടില്ലായെന്നും പഞ്ചായത്ത് സെക്രട്ടറി ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ ഫീൽഡ് പരിശോധന നടത്തി ഫാറം -6 ശേഖരിച്ച് വസ്തുനികുതി നിർണ്ണയം നടത്തുന്നതാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഫാറം-2, ഫാറം-6 എന്നിവയുടെ അഭാവത്തിൽ വസ്തുനികുതി നിർണ്ണയത്തിന്റെ കൃത്യത ഓഡിറ്റിൽ പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. പഞ്ചായത്ത് രാജ് ചട്ടങ്ങൾ അനുശാസിക്കും പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ച് കൃത്യതയോടു കൂടി വസ്തുനികുതി നിർണ്ണയം നടത്തേണ്ടതാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# 1-25 വസ്തുനികുതി -വ്യക്തമായ രേഖകളുടെ അഭാവത്തിൽ ഡിമാന്റിൽ നിന്നുംഒഴിവാക്കിയിരിക്കുന്നു

വാർഷിക ധനകാര്യ പത്രിക I-18ഷെഡ്യൂൾ പ്രകാരം വസ്തുനികുതി(R) ഇനത്തിൽ 385580/- രൂപയും വസ്തുനികുതി(NR)ഇനത്തിൽ 22817/- രൂപയും ഡിമാന്റിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.35 ന് ജി.ഒ 20/2011/ത.സ്വ.ഭ.വ തീയതി 14.01.2011 പ്രകാരം ഉയർന്ന നിരക്കിലുള്ള നികുതി പിരിച്ചെടുത്തത് തുടർ വർഷങ്ങളിലേക്ക് സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അഡ്ജസ്റ്റ് ചെയ്തിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയിരിക്കുന്നു. സഞ്ചയ റിപ്പോർട്ട് പ്രകാരമുള്ള ബുക്ക് അഡ്ജസ്റ്റ്മെന്റ് തുകയും വരുംവർഷങ്ങളിലേക്ക് അഡ്ജസ്റ്റ്ചെയ്യേണ്ടുന്ന അധികമായി കളക്ട് ചെയ്ത തുകയും ഉൾപ്പെടെ 332947/- രൂപയും സാംഖ്യയും സഞ്ചയയും തമ്മിലുള്ള property tax on residential building arrear demand തുകയും തമ്മിലുള്ള വ്യത്യാസമായ 52633/- രൂപയും ചേർന്നതാണ് 385580/- രൂപയെന്നാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്, 2011ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 11 (1),(2), 12(4) എന്നിവ അനുശാസിക്കും പ്രകാരമുള്ള ഫാറം-2, ഫാറം-6 എന്നിവയുടെ അഭാവത്തിൽ പ്രസ്തുത മറുപടിയുടെ ആധികാരികത പരിശോധിക്കാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല. വസ്തുനികുതി ഡിമാന്റിൽ നിന്നും ഒഴിവാക്കിയ തുകയുടെ ആധികാരികത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

# 1-26 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ- അപാകതകൾ

1996-ലെ കേരള പഞ്ചായത്ത് രാജ് ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് ലൈസൻസ് നൽകൽ, ചട്ടങ്ങൾ ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ സാമ്പത്തിക വർഷം അവസാനിക്കുന്നതിന് 30 ദിവസത്തിന് മുമ്പായി സമർപ്പിക്കേണ്ടതാണ്. ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് അനുവദിച്ചത് സംബന്ധിച്ച ഫയലുകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ 2017-18 ൽ ലൈസൻസ് എടുത്ത ധാരാളം സ്ഥാപനങ്ങൾ 2018-19 ൽ ലൈസൻസ് പുതുക്കിയതായി കാണുന്നില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പേര്,മേൽവിലാസം | വാർഡ് | സ്ഥാപനം |
|---|---|---|
| | | |

| | | |
|---|---|---|
| | നം | |
| ശാന്തിനി, ആകാശ്ഭവൻ, മലയ്ക്കൽ | I | സ്റ്റേഷനറി |
| ദിവാകരക്കുറുപ്പ്, മാധവം, മലയ്ക്കൽ | I | വെൽഡിംഗ് വർക്ക് ഷോപ്പ് |
| രാജിമോൾ, കൈപ്പറമ്പിൽ ഹൗസ്, മടവൂർ | II | ലബോറട്ടറി |
| ബഷീർ, ഷമീർ മൻസിൽ, മലയ്ക്കൽ | II | ബേക്കറി |
| സിറാജുദ്ദീൻ, അനസ് മൻസിൽ , കൈലാസം കുന്ന് | III | സ്റ്റേഷനറി |
| വി. രാജേന്ദ്രൻ, ശബരി ട്രേഡേഴ്സ്, മുളയക്കലുത്തുകാവ് | IV | റബ്ബർ വ്യാപാരം |
| റഷീദ്, മണ്ണൂർ വീട്, അറ്റൂർ | IV | പ്രോവിഷൻ സ്റ്റോർ |
| രാജീവ്, ചരുവിള പുത്തൻവീട്,മടന്തപ്പച്ച | V | ഫർണിച്ചർ വ്യാപാരം |
| റംലാബീവി, പള്ളിക്കുന്നിൽ വീട്, ആറ്റൂർ | V | ഹോളോബ്രിക്സ് |
| ലിജ, കിഴക്കേവിള വീട്, ആറ്റൂർ | VI | ബ്യൂട്ടിപാർലർ |
| പ്രസന്നകുമാർ, കേശവ വിലാസം , കിളിമാനൂർ | VII | ബുക്ക് സ്റ്റാൾ |
| സുജിത് , ആനന്ദഭവൻ, ചൂട്ടയിൽ | VIII | സിമന്റ് ഗോഡൗൺ |
| കേശവൻ പ്രകാശ്, കെ.ബി നിലയം, ചൂട്ടയിൽ | VIII | ബേക്കറി |
| മുജീബ് റഹ്മാൻ, തണ്ടുവിള പുത്തൻവീട് പേരൂർ | IX | ടൈൽസ് ആന്റ് സാനിട്ടറി വ്യാപാരം |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.40 ന് ലൈസൻസ് പുതുക്കുന്നതിനായി എല്ലാ സ്ഥാപനങ്ങൾക്കും നോട്ടീസ് നൽകിയിട്ടുണ്ടെന്ന് മറുപടി ലഭിച്ചിട്ടുണ്ട്. ലൈസൻസ് പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ലൈസൻസിനായി സമർപ്പിച്ച അപേക്ഷകളുടെ അടിസ്ഥാനത്തിൽ മാത്രമാണ് ലിസ്റ്റ് തയ്യാറാക്കിയിരിക്കുന്നത്. ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-27 ലൈബ്രറി പ്രവർത്തനം - അപാകങ്ങൾ

a)സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നതിൽ അപാകത

ഗ്രാമപഞ്ചായത്ത് കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ലൈബ്രറിയിലേയ്ക്കായി അംഗത്വ ഫീസ് , മാസവരി തുടങ്ങിയവ പിരിച്ചെടുക്കുന്നതിനായി അനുവദിച്ച നൽകിയ രസീത് ബുക്കുകളുടെ വിവരം ,രസീത് ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. കൂടാതെ ലൈബ്രറി പുസ്തകങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ ബുക്ക് നം.2142 മുതൽ 2416 വരെയുള്ള പുസ്തകങ്ങളുടെ വിലയുൾപ്പെടെയുള്ള വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

b) മാസവരി ഒടുക്കാത്ത വ്യക്തികൾക്ക് പുസ്തകം അനുവദിച്ച നൽകി

ലൈബ്രറിയിലെ മാസവരി രജിസ്റ്റർ , ബുക്ക് ഇഷ്യൂ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ മാസവരി ഒടുക്കാത്ത വ്യക്തികൾക്ക് ലൈബ്രറിയിൽ നിന്നും പുസ്തകം അനുവദിച്ച് നൽകിയിട്ടുണ്ട്. ഉദാഹരണമായി 2018 -19 വർഷം (2018ഏപ്രിൽ മാസം മുതൽ 2019 മാർച്ച് വരെ) താഴെപ്പറയുന്ന വ്യക്തികളിൽ നിന്നും യാതൊരു തുകയും മാസവരി ഈടാക്കാതെ പുസ്തകം അനുവദിച്ച നൽകിയിട്ടുണ്ട്

| ക്രമ നം | പേര് | പുസ്തകം നൽകിയ തീയതി |
|---|---|---|
| 1 | ജൂബിലി എസ് നായർ | 21.05.18, 10.08.18,15.03.19 |
| 2 | ലക്ഷ്മി സുരേഷ് | 21.05.18,10.08.18,08.02.19,15.03.19 |
| 3 | അമൃത | 10.08.18,06.09.18,25.09.18,01.03.19 |
| 4 | ശബരി | 10.08.18,06.09.18,25.09.18,31.10.18 |

c)മാസവരി രജിസ്റ്ററിൽ ഉൾപ്പെടാത്ത വ്യക്തികൾക്ക് പുസ്തകം അനുവദിച്ച നൽകി

മാസവരി രജിസ്റ്റർ, ബുക്ക് ഇഷ്യൂ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ മാസവരി രജിസ്റ്ററിൽ ഉൾപ്പെടാത്ത വ്യക്തികൾക്ക് പുസ്തകം അനുവദിച്ച് നൽകിയിട്ടുണ്ട്. ഉദാഹരണമായി

| ക്രമ നം | പേര് | പുസ്തകം നൽകിയ തീയതി |
|---|---|---|
| 1 | അഭിജിത്ത് വി.എസ് | 29.05.18,08.06.18 |
| 2 | വിനി ബൈജു | 30.05.18,08.06.18 |
| 3 | ലിജ. | 22.09.18, 06.10.18 |

ലൈബ്രറിയിൽ ദിവസവേതനാടിസ്ഥാനത്തിൽ പാർട്ട് ടൈം ലൈബ്രേറിയനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ലൈബ്രറിയുടെ മേൽ നോട്ടത്തിനായി ഓഫീസ് ഉത്തരവ് പ്രകാരം പഞ്ചായത്ത് ജീവനക്കാരെ നാളിതുവരെയും ചുമതലപ്പെടുത്തിയിട്ടില്ല. കൂടാതെ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയും വിദ്യാഭ്യാസം, കല , സംസ്കാരം വർക്കിംഗ് ഗ്രൂപ്പും ലൈബ്രറി പ്രവർത്തനം മോണിറ്റർ ചെയ്തിട്ടില്ല.

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.30-ന് മറുപടിയിൽ മേൽ അപാകങ്ങൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയം പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

# 1-28 ഇ ടെണ്ടർ സംവിധാനത്തിൽ നിന്നും ലഭിക്കേണ്ട ടെണ്ടർ ഫാറം വില ജില്ലാ പഞ്ചായത്തിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 വർഷം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറ വിലയായി (ടെണ്ടർ ഫീസ്) ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ ഒടുക്കിയ 81080/- രൂപ നാളിതുവരെ ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല. 28/9/13-ലെ ജി.ഒ(എം.എസ്)318/2013/ ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ഈ അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു.ഇ-ടെണ്ടർ പ്രകാരം ലഭിച്ച ടെണ്ടറുകളുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. 2016-17, 2017-18 വർഷങ്ങളിൽ ടെണ്ടർ ഫോറ വിലയായി ജില്ലാ പഞ്ചായത്തിൽ ഒടുക്കിയ 65650/-രൂപയും 115800/- രൂപയും ജില്ലാപഞ്ചായത്തിൽ നിന്നും ലഭിക്കാനുണ്ട്.

# 1-29 ചെലവഴിക്കാത്ത സംയുക്ത പ്രോജക്ട് വിഹിതം തിരിച്ചടക്കേണ്ടതാണ്

ജി.ഒ (പി) 119/2015/ധന തീയതി 21-03-2015 ഉത്തരവ് ഖണ്ഡിക 11.7 പ്രകാരം സംയുക്തപ്രോജക്ടുകൾക്കുള്ള വിഹിതം വിനിയോഗിച്ചില്ലെങ്കിൽ ദേശ സാൽകൃത ബാങ്കുകളിലെ ഡി ഡി മുഖാന്തിരം വിഹിതം നൽകിയ സ്ഥാപനത്തിന് തിരിച്ച് നൽകണം.

2018-19 എ.എഫ്.എസ് B4 ഷെഡ്യൂൾ പ്രകാരം ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 790359/- രൂപയും ജില്ലാ പഞ്ചായത്ത് വിഹിതമായി 192772/- രൂപയും അക്കൗണ്ടിൽ അവശേഷിക്കുന്നു.

| | 17/18 ലെ B 4 പ്രകാരം നിക്കിയിരിപ്പ് | 18/19 ലെ ബാലൻസ് | ആകെ |
|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 495879 | 294480 | 790359 |
| ജില്ലാ പഞ്ചായത്ത് | 62715 | 130057 | 192772 |
| ആകെ | **558594** | **424537** | **983131** |

**2019-20 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ തുകയുടെ വിശദാംശം (ഓഡിറ്റ് എൻക്വയറി നം 2(7), 20.07.2019 നുള്ള മറുപടി പ്രകാരം)**

| ക്രമ നം | പ്രോജക്ട് | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | ജില്ലാ പഞ്ചായത്ത് വിഹിതം |
|---|---|---|---|
| 1 | ഭൂമിയുള്ള ഭവനരഹിതർക്ക് വീട് (ലൈഫ് ജനറൽ) | 25 | 106894 |
| 2 | ഭൂമിയുള്ള ഭവനരഹിതർക്ക് വീട് (ലൈഫ് എസ്.സി.പി) | 23315 | 0 |
| **ആകെ** | | **23340** | **106894** |

ബ്ലോക്ക് വിഹിതത്തിലെ ബാക്കിതുകയായ 767019/-രൂപയും ജില്ലാ പഞ്ചായത്ത് വിഹിതത്തിലെ ബാക്കിതുകയായ 85878/-രൂപയും തിരികെ അതാത് ഹെഡിലേക്ക് ഒടുക്ക് വരുത്തേണ്ടതാണ്.

# 1-30 കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളുടെയും സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നതിൽ അപാകത

ഗ്രാമപഞ്ചായത്തിലെ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനും റിപ്പയർ & മെയിന്റനൻസിനും തൻ വർഷം താഴെപ്പറയും വിധം തുക ചെലവഴിച്ചിട്ടുണ്ട്.

| വൗച്ചർ നം | ഇനം | തുക |
|---|---|---|
| 21800637 | ഡോട്ട് മാട്രിക്സ് പ്രിന്റർ വാങ്ങിയത് | 8984 |
| 21800153 | കമ്പ്യൂട്ടർ റിപ്പയർ | 4000 |
| 21800380 | കമ്പ്യൂട്ടർ റിപ്പയർ | 2340 |
| 21800463 | കമ്പ്യൂട്ടർ മോണിറ്റർ പർച്ചേസ് | 4895 |
| 21800515 | കമ്പ്യൂട്ടർ റിപ്പയർ | 3800 |
| 21800514 | റിപ്പയർ ലേസർ പ്രിന്റർ | 1200 |

മേൽ വാങ്ങിയ സാധനങ്ങൾ കമ്പ്യൂട്ടർ ഹാർഡ് വെയർ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. കൂടാതെ ഹാർഡ് വെയർ ഉപകരണങ്ങളുടെ തകരാറ് സംബന്ധിച്ച വിവരങ്ങൾ ഹാർഡ് വെയർ കംപ്ലയന്റ്സ് രജിസ്റ്ററിലും രേഖപ്പെടുത്തിയിട്ടില്ല. ധനകാര്യ വകുപ്പിന്റെ സർക്കുലർ നം.86/2010/ഫിൻ തീ.24.09.2010 പ്രകാരം കമ്പ്യൂട്ടർ ഉപയോഗിക്കുന്ന ഓഫീസുകളിൽ കമ്പ്യൂട്ടറുകളുടെ ഹാർഡ്‌വെയറിനും സോഫ്റ്റ് വെയറിനും പ്രത്യേകം സ്റ്റോക്ക് രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കേണ്ടതാണ്. സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെട്ട ഉപകരണങ്ങളുടെ വാറന്റിയും മറ്റ് വിവരങ്ങളും പൂർണ്ണമായും രേഖപ്പെടുത്താത്തതിനാൽ വാറന്റി കാലാവധിക്ക് ശേഷമാണോ മെയിന്റനൻസ് നടത്തിയിട്ടുള്ളതെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഇത സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി 29/29.08.19ന് ലഭിച്ച മറുപടിയിൽ അപാകങ്ങൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയം പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

# 1-31 വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നം - S04/19<br>പേര് - ഐ.കെ.എം ന് | ഐ കെ എം ന് പ്രവർത്തനഫണ്ട് നൽകുന്നതിനായി ആവിഷ്കരിച്ചിരുന്ന പദ്ധതിയിൽ മേൽ ബിൽ പ്രകാരം തുക പിൻവലിച്ചിട്ടുണ്ടെങ്കിലും കൈപ്പറ്റ് രസീത്, വിനിയോഗസാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.19 ന് അവ ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്. |

| | |
|---|---|
| പ്രവർത്തന ഫണ്ട് നൽകൽ<br>നിർവ്വഹണം - സെക്രട്ടറി<br>അടങ്കൽ - 77853/-രൂപ (വികസനഫണ്ട്)<br>ചെലവ് - ബിൽ നം. 2/27.4.2018- 77853/- | |
| പ്രോജക്ട് നം - SO24/19<br>പേര് - പ്രത്യേക കന്നുകുട്ടി പരിപാലനം<br>നിർവ്വഹണം - വെറ്റിനറി സർജൻ<br>അടങ്കൽ - 1125000/-രൂപ<br>ചെലവ് - ബിൽ നം. 24/12.12.2018- 300000<br>ബിൽ നം. 12/12.10.18- 262500 | എസ്.എൽ.ബി.പി ഡപ്യൂട്ടിഡയറക്ടറുടെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്ന മുറയ്ക്ക് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. |

## 1-32 പദ്ധതി തുക പിൻവലിച്ചത് പൂർണ്ണമായും ചെലവഴിച്ചില്ല.

പ്രോജക്ട് നം, പേര് -SO92/19, ഹരിതഭവനം

അടങ്കൽ തുക -909600/-രൂപ

ചെലവ് തുക -594905/-രൂപ വികസന ഫണ്ട് - 277305/- രൂപ

ജില്ലാ പഞ്ചായത്ത് വിഹിതം - 280000/- രൂപ

ഗുണഭോക്തൃ വിഹിതം - 37600/- രൂപ

25 സെന്റിൽ കുറയാത്ത 40 വീടുകൾക്ക് ഹരിതഭവനം പദ്ധതിയ്ക്കായി 14000/- രൂപ സബ്സിഡി തുക വകയിരുത്തിയിരുന്നു. ഗുണഭോക്തൃ വിഹിതം ഉൾപ്പെടെ പദ്ധതിയ്ക്കായി 594905/- രൂപ ചെലവഴിച്ചിരുന്നു. വികസന ഫണ്ടും ജില്ലാ പഞ്ചായത്ത് വിഹിതവും കൂടി ആകെ 557305/-രൂപ പിൻവലിച്ചിട്ടുണ്ടെങ്കിലും 553698/- രൂപയുടെ ചെലവ് രേഖകൾ മാത്രമാണ് ഓഡിറ്റിൽ ഹാജരാക്കിയിട്ടുള്ളത്. 3607/- രൂപയുടെ രേഖകൾ ഹാജരാക്കിയിട്ടില്ല. ഈ വിഷയം സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം 23,27.8.19) ലഭ്യമാക്കിയ മറുപടിയിൽ ചെലവഴിക്കാൻ ബാക്കിയുള്ള തുകയിൽ 1656/-രൂപ പദ്ധതി പ്രകാരം ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യാനുള്ള തുകയാണെന്ന് അറിയിച്ചു. ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യാനുള്ള തുക30.8.19 ൽ ഓഡിറ്റ് നിർദ്ദേശ പ്രകാരം ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുള്ള രേഖകൾ ഹാജരാക്കിയിട്ടുണ്ട്. ബാലൻസ് തുക 1951/- രൂപ കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കുവരുത്തി വിവരം ഓഡിറ്റിൽ അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പദ്ധതി തുക പിൻവലിച്ചശേഷം അത് സമയബന്ധിതമായി ചെലവഴിക്കാത്തത് ഗുരുതരമായ വീഴ്ചയാണ്. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

# 1-33 എം ജി എൻ ആർ ഇ ജി എസ് - ചെലവ് തുക തനത് ഫണ്ടിലേക്ക് റീകൂപ്പ് ചെയ്യേണ്ടതാണ്.

23.4.2018 ൽ ചെക്ക് നം 17956 പ്രകാരം 9900/- രൂപ എം. ജി. എൻ. ആർ. ഇ. ജി എസ് പദ്ധതി പ്രകാരം കട്ട നിർമ്മാണ യൂണിറ്റിലേക്ക് സാധനങ്ങൾ ഇറക്കി പണി ചെയ്ത വകയിൽ M/S Ruby plumbing and hardwares ന് നല്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക എം ജി എൻ ആർ ഇ ജി എസ് ഫണ്ടിൽ നിന്നും തനത് ഫണ്ടിലേക്ക് മാറ്റിയിട്ടില്ല. ഈ വിഷയം സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം 31/29.8.19) ലഭ്യമാക്കിയ മറുപടിയിൽ എം. ജി. എൻ. ആർ. ഇ. ജി എസ് ഫണ്ടിൽ നിന്നും തുക തനത് ഫണ്ടിലേക്ക് മാറ്റി ഓഡിറ്റിൽ അറിയിക്കുന്നതാണെന്ന് അറിയിച്ചു.

കൂടാതെ 18.7.18 ലെ വൗച്ചർ പ്രകാരം എം ജി എൻ ആർ ഇ ജി എസ് ഫണ്ടിൽ 1793/- രൂപ bank miscelleneous debit എന്ന ഹെഡിൽ ചെലവ് ചെയ്തിട്ടുണ്ട്. ഓഡിറ്റ് എൻക്വയറിക്ക് (നം 38,30.8.19) ലഭ്യമാക്കിയ മറുപടിയിൽ ബാങ്ക് തെറ്റായി ഈടാക്കിയ തുക എം ജി എൻ ആർ ഇ ജി എസ് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യാൻ ആവശ്യപ്പെട്ട് ബാങ്കിന് കത്ത് നല്കിയിട്ടുണ്ടെന്നും തുക ക്രെഡിറ്റ് ആയ ശേഷം ഓഡിറ്റിൽ അറിയിക്കുന്നതാണെന്നും മറുപടി നല്കിയിട്ടുണ്ട്. തുടർ നടപടി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# 1-34 ഡൈനിംഗ് ഹാൾ നിർമ്മാണം- പ്രവൃത്തിയുടെ GST തുക ഒടുക്കിയിട്ടില്ല.

2018-19 സാമ്പത്തിക വർഷം MGNREGS പദ്ധതിയിൽ ഉൾപ്പെടുത്തി ഡൈനിംഗ് ഹാൾ നിർമ്മാണം ഗവ. വി വി എൽ പി എസ് ചെങ്കികുന്ന് (Av 1376) എന്ന പ്രവൃത്തിയ്ക്കായി 1500000/-രൂപ അടങ്കൽ തുക വകയിരുത്തിയിരുന്നു. ഇതിൽ 1494000/- രൂപ ചെലവായി പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത ചെലവിൽ Expenditure on material (സാധനഘടകം) നായി 1065571/- രൂപയും unskilled wages നായി 60490/- രൂപയും, skilled wages നായി 367939/- രൂപയും ചെലവഴിച്ചിട്ടുണ്ട്. സാധനഘടകത്തിനായി ചെലവായ തുകയുടെ 2% തുകയായ 21311/- രൂപ GST ആയി ഒടുക്കേണ്ടതുണ്ട്. എന്നാൽ GST തുക ഒടുക്കിയിട്ടില്ല. പ്രസ്തുത വിഷയം സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം 38/30.8.19) ലഭ്യമാക്കിയ മറുപടിയിൽ സപ്ലൈയേഴ്സിൽ നിന്നും തുക ഈടാക്കി GST തുക ഒടുക്കു വരുത്തി അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർ നടപടി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# 1-35 മറവക്കുഴി റോഡ് II മെറ്റലിംഗ് , ടാറിംഗ് - പൊതുമരാമത്ത് മാന്വൽ വ്യവസ്ഥ പാലിച്ചില്ല – ഓഡിറ്റ് കണ്ടെത്തലിനെ തുടർന്ന് തുക അടവാക്കി

പ്രോജക്ട് നമ്പർ SO 115/19

അടങ്കൽ തുക 453000/- രൂപ (റോഡ് )

കരാർ തുക 398645 /- ( 11.999 % ടെണ്ടർ കുറവ് )

ചെലവ് 398645/- രൂപ

ബിൽ വിവരം 25/17-8-2018

എം ബുക്ക് നം 27/18-19

കരാറുകാരൻ ശ്രീ ശ്രീകണ്ഠൻ നായർ

എഗ്രിമെന്റ് 14/AE/LSGD/KMR/16-17 , തീയതി 11-1-2017

നിർവഹണം അസിസ്റ്റന്റ് എഞ്ചിനീയർ

മേൽ പ്രവൃത്തിക്കായി തെരഞ്ഞെടുക്കപ്പെട്ട കരാറുകാരന് 25-12-16 ൽ സെലക്ഷൻ നോട്ടീസ് നൽകുകയും കരാറുകാരൻ 11-1-2017 ൽ എഗ്രിമെന്റ് ഒപ്പിടുകയും ചെയ്തിട്ടുണ്ട്. സെലക്ഷൻ നോട്ടീസിലെ വ്യവസ്ഥ 5 ൽ എഗ്രിമെന്റ് ഒപ്പിട്ട്/ സ്ഥലം ഏറ്റെടുത്ത് 3 മാസത്തിനകം പണി പൂർത്തിയാക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ പണി പൂർത്തീകരിച്ചിട്ടുള്ളത് 14-8-2018 ൽ മാത്രമാണ്. 16 മാസത്തെ അധിക സമയം അനുവദിച്ചത് നിയമപരമല്ല. കരാറുകാരന്റെ പിഴവ് മൂലം

മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ട ഘട്ടത്തിൽ കരാറുകാരൻ നിർവ്വഹണോദ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും പ്രസ്തുത അപേക്ഷയിൽ ഭരണസമിതിയുടെ അനുമതി വാങ്ങി പി.എ.സി യുടെ 1% ഫൈൻ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25% വരെ ഒറ്റത്തവണ ദീർഘിപ്പിച്ച് നൽകാവുന്നതുമാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കുന്ന പക്ഷം 2% പിഴ ഈടാക്കണം. എന്നാൽ പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50% ൽ അധികരിക്കാവുന്നതല്ല. ഫയൽ പരിശോധനയിൽ പ്രസ്തുത പ്രവൃത്തിയുടെ പൂർത്തീകരണത്തിന് കരാറുകാരൻ അധിക സമയത്തിന് അപേക്ഷ നൽകുകയോ ഭരണസമിതി അധിക സമയം അനുവദിക്കുകയോ ചെയ്തിട്ടില്ല. ആകെ പൂർത്തീകരണ സമയത്തിന്റെ 50% ൽ അധികരിക്കുന്ന കാലാവധിക്ക് ശേഷവും പൂർത്തീകരിക്കാത്ത പ്രവൃത്തി പൊതുമരാമത്ത് വകുപ്പ് മാന്വൽ 2012 സെക്ഷൻ 2112 പ്രകാരം ആധികാരികമല്ലായെന്നുള്ള വിവരം നിർവഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. (29-8-2019 ലെ 25ാം നമ്പർ എൻക്വയറി) പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കാൻ 16 മാസം വൈകിയ കരാറുകാരനിൽ നിന്നും 1% മാത്രം പിഴ ഈടാക്കികൊണ്ടാണ് പേമെന്റ് നടത്തിയിട്ടുള്ളത്.

<u>ഈടാക്കേണ്ടിയിരുന്ന പിഴയുടെ വിവരം ചുവടെ ചേർക്കുന്നു</u>

| | |
|---|---|
| 10-4-2017 മുതൽ 09-7-2017 വരെ 1% of PAC | 3986 |
| 10-07-2017 മുതൽ 14-08-2018 വരെ 2% of PAC | 8636 (7972+664) |
| ആകെ | 12622 |
| ഈടാക്കിയ തുക | 3986 |
| ബാക്കി തുക | 8636 |

ഓഡിറ്റ് കണ്ടെത്തലിനെ തുടർന്ന് ബാക്കി ഈടാക്കേണ്ടിയിരുന്ന 8636/-രൂപ 29-08-2019 ലെ 119110101348 രസീത് പ്രകാരം കരാറുകാരൻ സ്ഥാപനത്തിൽ അടവാക്കി.

# 1-36 പൊതു കിണർ നവീകരണം - ആവശ്യമായ സ്ഥലപരിശോധന നടത്താതെ എസ്റ്റിമേറ്റ് തയ്യാറാക്കി - പദ്ധതി ഭാഗികമായി ഉപേക്ഷിക്കേണ്ടി വരികയും പൂർത്തീകരിക്കുന്നതിൽ കാലതാമസം നേരിടുകയും ചെയ്യുന്നു

പ്രോജക്റ്റ് നമ്പർ SO 119/19

അടങ്കൽ തുക 384961/- രൂപ

ചെലവ് 384795/- രൂപ

ബിൽ വിവരം (1) 62/15-3-19, തുക 206372 (2). 63/15-3-19, തുക 178473

എം ബുക്ക് നം 463, 464/17-18

കരാറുകാരൻ ശ്രീ രാജേന്ദ്രബാബു ജെ എസ്

എഗ്രിമെന്റ് 49/AE/LSGD/KMR, തീയതി 10-5-2017

പൂർത്തിയാക്കിയ തീയതി 23-1-2019

നിർവഹണം അസിസ്റ്റന്റ് എഞ്ചിനീയർ

2016-17 ലെ പദ്ധതിയിൽ ഉൾപ്പെടുത്തി കരാർ വച്ച പൊതു കിണറുകളുടെ നവീകരണം എന്ന 2018-19 ലെ സ്പിൽ ഓവർ പദ്ധതിയിൽ 10 കിണറുകളുടെ നവീകരണം ആണ് ഉൾപ്പെടുത്തിയിരുന്നത്. പണി ചെയ്യുന്നതിനായി പരിശോധന

നടത്തിയപ്പോൾ കിണറിൽ പാറ ഉള്ളതിനാൽ 5 കിണറുകളുടെ പ്രവൃത്തികൾ ഒഴിവാക്കി ശേഷിക്കുന്ന 5 കിണറുകൾക്ക് ആവശ്യമായ പ്രവൃത്തികൾ ചെയ്യുന്നതിന് എസ്റ്റിമേറ്റ് ഭേദഗതി ചെയ്യുന്നതിനായി 1-2-2019 ലെ ജനറൽ കമ്മിറ്റിയിൽ (2ാം നമ്പർ തീരുമാനം) തീരുമാനമെടുക്കുകയും 5 കിണറുകളുടെ പ്രവൃത്തികൾ പ്രസ്തുത കരാറുകാരനെക്കൊണ്ട് (1% മാത്രം പിഴ ഈടാക്കി)384795/- രൂപ വിനിയോഗിച്ച് നടപ്പിലാക്കുകയും ചെയ്തു. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ച തീയതിയായ 23-1-2019 ന് ശേഷമാണ് ഭേദഗതി തീരുമാനം (1-2-2019)കമ്മിറ്റി എടുത്തിട്ടുള്ളത്. ആവശ്യമായ സ്ഥല പരിശോധന നടത്താതെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനാലാണ് പ്രവൃത്തികൾ ഭാഗികമായി ഉപേക്ഷിക്കേണ്ടിവന്നതും പ്രവർത്തി പൂർത്തീകരിക്കുന്നതിൽ കാലതാമസം നേരിടുന്നതും. 10-05-2017 ൽ എഗ്രിമെന്റ് വച്ചിരുന്ന പ്രസ്തുത പ്രവൃത്തി 23-1-2019 ലാണ് പൂർത്തീകരിച്ചിട്ടുള്ളത്. പൂർത്തീകരണ കാലാവധിക്കുള്ളിൽ പ്രവൃത്തി നടപ്പിലാക്കാത്ത കരാറുകാരനെ പുറത്താക്കി നഷ്ടം ഈടാക്കി പ്രവൃത്തി റീ ടെണ്ടർ ചെയ്യാതെ പ്രവൃത്തി 20 മാസത്തോളം നീട്ടിക്കൊണ്ടുപോയിരിക്കുന്നു. 10 കിണറുകളുടെ നവീകരണത്തിനായി വകയിരുത്തിയിരുന്ന 384961/- രൂപയിൽ 384795/-രൂപയും 5 കിണറുകളുടെ നവീകരണത്തിനായും ചെലവഴിച്ചിരിക്കുന്നു. പല കിണറുകളുടെയും അടുത്ത് എത്തിച്ചേരാൻ സാധിക്കാത്ത തരത്തിൽ കാടുപിടിച്ചും പൊട്ടിപ്പിളഞ്ഞുകിടക്കുന്ന അവസ്ഥയിലായിരുന്നതിനാലാണ് എസ്റ്റിമേറ്റിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തിയതെന്നും പ്രാഥമിക പരിശോധനയിൽ എടുത്തതിനെക്കാൾ കൂടുതൽ നവീകരണപ്രവർത്തനങ്ങൾ നടത്തേണ്ടിവന്നതിനാലാണ് 5 കിണറുകളുടെ നവീകരണത്തിനായി തുക ചെലവഴിക്കേണ്ടിവന്നതെന്നും ഓഡിറ്റ് എൻക്വയറിക്ക് (26/29-8-2019) മറുപടി നൽകി.

എഗ്രിമെന്റ് വച്ച് പ്രവൃത്തി നടത്താതെ 20 മാസത്തോളം നീട്ടിക്കൊണ്ടുപോയതിന് സൈറ്റിന്റെ അവസ്ഥ മോശം ആയിരുന്നു എന്ന തരത്തിലുള്ള മറുപടി അംഗീകരിക്കുന്നില്ല. സൈറ്റിനെക്കുറിച്ച് കൃത്യമായ പഠനം നടത്തി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും എഗ്രിമെന്റ് കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിനു ശ്രദ്ധിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# 1-37 മരാമത്ത് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിൽ കാലതാമസം - പിഴ ഈടാക്കുന്നില്ല

“മരാമത്ത് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിൽ കാലതാമസം നേരിട്ടതു മൂലം 36190/- രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്. വിശദാംശം 2-1 ൽ ചേർത്തിട്ടുണ്ട്.

# 1-38 ഓട്ടോറിക്ഷ വിതരണം - ആർ.സി ബുക്കിന്റെ പകർപ്പ് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

പ്രോജക്ട് നം -S0053/19

പേര് - ഓട്ടോറിക്ഷ/പിക്കപ്പ് ഓട്ടോറിക്ഷ (ടാക്സി)

അടങ്കൽ -420000/-രൂപ (വികസനഫണ്ട് എസ്.സി.പി)

ചെലവ് - ബിൽ നം. 50/27.3.19-360000

നിർവ്വഹണം - വി.ഇ.ഒ സർക്കിൾ 1

എസ്.സി ഗുണഭോക്താക്കൾക്ക് ഓട്ടോറിക്ഷ/പിക്കപ്പ് ഓട്ടോറിക്ഷ എന്നിവ വാങ്ങുന്നതിലേയ്ക്കായി വായ്പാബന്ധിത പ്രോജക്ടായി നടപ്പിലാക്കിയ പദ്ധതിയിൽ ആറ് ഗുണഭോക്താക്കൾക്ക് 60000/-രൂപ നിരക്കിൽ തിരുവനന്തപുരം ജില്ലാസഹകരണ ബാങ്കിന് 360000/- രൂപ കൈമാറിയിട്ടുണ്ട്. എന്നാൽ 6 ഗുണഭോക്താക്കളും ഓട്ടോറിക്ഷ വാങ്ങിയതിന്റെ തെളിവായി ആർ.സി ബുക്കിന്റെ പകർപ്പ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 20 ന് "വാഹൻ" സംവിധാനം മുഖേന രജിസ്ട്രേഷൻ നടത്തുന്നതിലുണ്ടായ കാലതാമസം മൂലമാണ് ആർ.സി ബുക്കുകളുടെ പകർപ്പ് ലഭ്യമാക്കാൻ കഴിയാത്തതെന്ന് അറിയിച്ചിട്ടുണ്ട്. 6 ഗുണഭോക്താക്കളുടേയും ആർ.സി ബുക്കിന്റെ പകർപ്പ് ലഭ്യമാക്കി ഓഡിറ്റ് പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.

# 1-39 അജൈവമാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ- തുടർനടപടികൾ സ്വീകരിച്ചില്ല

പ്രോജക്ട് നം - S0059/19

പേര് - അജൈവമാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ

നിർവ്വഹണം - വി.ഇ.ഒ സർക്കിൾ 2

അടങ്കൽ - വികസനഫണ്ട് 100000

ചെലവ് ബിൽ നം. 7/31.10.18-16680

11/7.1.19-48000

16/14.3.19-35320

പഞ്ചായത്തിലെ പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവമാലിന്യങ്ങൾ വീടുകളിൽ നിന്ന് ശേഖരിച്ച് മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്ററിൽ (എം സി എഫ്) എത്തിക്കുന്നതിനായി തെരഞ്ഞെടുക്കപ്പെടുന്ന ഹരിതകർമ്മസേനാംഗങ്ങൾക്ക് വേണ്ട ഹോണറേറിയം, യൂണിഫോം, തിരിച്ചറിയൽ കാർഡ്, തൊപ്പി, ഗ്ലൗസ്, വാഹനവാടക, ഫോറം പ്രിന്റിംഗ്, രസീത്, അനൗൺസ്മെന്റ് നടത്തൽ എന്നിവയ്ക്കായാണ് പ്രോജക്ട് ആവിഷ്കരിച്ചിരിക്കുന്നത്. ഫയൽ പരിശോധിച്ചതിൽ അജൈവമാലിന്യങ്ങൾ ശേഖരിച്ച് തരംതിരിച്ച് എം സി എഫ്- ൽ സൂക്ഷിച്ചിട്ടുള്ളതല്ലാതെ തുടർ നടപടികൾ സ്വീകരിച്ചിട്ടുള്ളതായി കാണുന്നില്ല.

സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ ഉത്തരവ് നം. 10394-ഡി-2017/ കെ.എസ്.എച്ച്.ഒ തീയതി 23.4.2018 പ്രകാരം തരംതിരിച്ച് സൂക്ഷിച്ചിരിക്കുന്ന അജൈവമാലിന്യങ്ങൾ എം.സി.എഫിൽ നിന്ന് ആർ.ആർ.എഫിലേക്ക് എത്തിക്കുന്നതിന് ക്ലീൻ കേരള കമ്പനിയുമായി ബന്ധപ്പെട്ട തുടർ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്. മേൽ ഉത്തരവിന്റെ ഖണ്ഡിക 6.1 പ്രകാരം ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾ ഫലപ്രാപ്തിയിലെത്തുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും സേനയുടെ പ്രവർത്തന മേഖലയിൽ വരുന്ന തടസ്സങ്ങൾ പരിഹരിക്കുക, സേനയുടെ പ്രവർത്തനം സുഗമമാക്കുന്നതിന് വേണ്ട നിയമപരമായ ഇടപെടലുകൾ നടത്തുക എന്നിവ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ചുമതലകളാണ്. കൂടാതെ സ.ഉ (സാധാ) നം.2420/2017/തസ്വഭവ തീയതി 15.7.17 ഖണ്ഡിക 3(17) പ്രകാരം ഹരിതകർമ്മസേന വഴി ശേഖരിക്കുന്ന അജൈവമാലിന്യങ്ങൾ പുനഃചംക്രമണം ചെയ്യുന്നതിനുവേണ്ടി തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ സാധ്യമായിടങ്ങളിൽ ക്ലീൻ കേരള കമ്പനിയുമായി (ആവശ്യമെങ്കിൽ അനുയോജ്യമായ മറ്റ് സ്ഥാപനങ്ങളുമായും) കരാറിൽ ഏർപ്പെടേണ്ടതാണ്.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം22 ന് ബ്ളോക്ക് തലത്തിൽ നാളിതുവരെ ആർ.ആർ.എഫിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ലായെന്നും അതിനാലാണ് ക്ലീൻ കേരള കമ്പനിയുമായി കരാറിലേർപ്പെടാൻ കഴിയാത്തതെന്നും അറിയിച്ചിട്ടുണ്ട്.

കുടിവെള്ളം, ശുചിത്വം, മാലിന്യപരിപാലനം വർക്കിംഗ് ഗ്രൂപ്പിന്റെ മിനിട്സ് പരിശോധിച്ചതിൽ മാലിന്യസംസ്കരണത്തിന് പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടെങ്കിലും തുടർ നടപടികൾ ആവിഷ്കരിക്കുകയോ പുരോഗതി വിലയിരുത്തുകയോ ചെയ്തതായി കാണുന്നില്ല. അജൈവമാലിന്യങ്ങളുടെ നിർമ്മാർജ്ജന പ്രവർത്തനങ്ങളുടെ വിലയിരുത്തലിന്റെ അഭാവവും ദീർഘവീക്ഷമില്ലായ്മയും മൂലം പദ്ധതി ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞില്ല. എം.സി.എഫിൽ ശേഖരിച്ചിരിക്കുന്ന അജൈവമാലിന്യങ്ങൾ പുനഃചംക്രമണം ചെയ്യുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്. ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും വർക്കിംഗ് ഗ്രൂപ്പ് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-40 ഗുണഭോക്തൃ ലിസ്റ്റിൽ ഇല്ലാത്തവർക്ക് ലാപ്ടോപ് വിതരണം ചെയ്തു.

പ്രോജക്ട് നം- S0063/19

പേര് - പ്രൊഫഷണൽ കോളേജിൽ പഠിക്കുന്ന SC വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വിതരണം

അടങ്കൽ - 450000/- രൂപ, വികസനഫണ്ട്(SCP)

ചെലവ് - 275000/-രൂപ , ബിൽ നം. 4/18-19 തീ. 31.10.18

5/18-19 തീ. 31.10.18

14/18-19 തീ. 27.03.19

നിർവ്വഹണ ഉദ്യോഗസ്ഥ: എച്ച്.എം.ഗവ.എൽ.പി.എസ്.കിളിമാനൂർ

മേൽ പദ്ധതിയുടെ ഫയലുകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ദിവ്യരാജ് എൽ, ദിവ്യവിലാസം നഗരൂർ , രോഹിണി വി എ, കുളത്തിൻകര വീട്, മലയാമഠം എന്നീ 2 വിദ്യാർത്ഥികൾ പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 32 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.
2. ഗാഥ ജി, പണയിൽ വീട്, കക്കാകുന്ന് എന്ന വിദ്യാർത്ഥി ലാപ്ടോപ് കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ ഈ വിദ്യാർത്ഥിനി അപേക്ഷ സമർപ്പിച്ചിട്ടില്ലാത്തതിനാൽ ആനുകൂല്യത്തിന് അർഹതയുണ്ടോ എന്ന് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

മാർഗ്ഗരേഖകൾ പാലിച്ച് പദ്ധതി നടപ്പിലാക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥയും ആരോഗ്യവിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയും ശ്രദ്ധിക്കേണ്ടതാണ്.

# 1-41 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ മുഴുവൻ ലഭ്യമായിട്ടില്ല.

പ്രോജക്റ്റ് നമ്പർ, പേര് S0014/19, ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ

ഫണ്ട് മെയിന്റനൻസ് നോൺ റോഡ്

വകയിരുത്തൽ 200000/- രൂപ

PASSചെലവ് 200000/- രൂപ

ബിൽ നമ്പർ /തീയതി 01/2018-19, തീയതി 20-08-18

മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതിയിൽ ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങുന്നതിനായി മേൽ ബിൽ നമ്പർ പ്രകാരം 200000/-രൂപ കേരള സ്റ്റേറ്റ് ഹോമിയോ ഫാർമസി ലിമിറ്റഡിന് 21.01.18 ന് NEFT (കൈപ്പറ്റ് രസീത് നം.1395/15.05.19) വഴി കൈമാറിയിട്ടുണ്ട്. എന്നാൽ 59150/- രൂപയുടെ മരുന്നുകൾ മാത്രമേ ലഭിച്ചിട്ടുള്ളൂ. ബാക്കി തുകയ്ക്കുള്ള മരുന്നുകൾ എത്രയും വേഗത്തിൽ ലഭിക്കുമെന്ന് ഹോംകോയിൽ നിന്നും അറിയിപ്പ് ലഭിച്ചിട്ടുണ്ടെന്നും കിട്ടിയാൽ ഉടൻ തന്നെ സ്റ്റോക്കിലെടുത്ത് അറിയിക്കുന്നതാണെന്നും ഓഡിറ്റ് എൻക്വയറിക്ക്(എൻക്വയറി നം. 15) നൽകിയ മറുപടിയിൽ മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട്. മരുന്ന് ലഭ്യമാക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ആവശ്യമായ മരുന്നുകൾ ഹോംകോയെ അറിയിച്ച് ഇൻവോയിസ് ലഭ്യമാക്കിയതിന് ശേഷം മരുന്ന് വാങ്ങുന്നതിന് തുക നൽകേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

### [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

# 2-1 മരാമത്ത് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിൽ കാലതാമസം- പിഴ ഈടാക്കുന്നില്ല

കേരള പൊതുമരാമത്ത് വകുപ്പ് മാനുവൽ 2012 സെക്ഷൻ 2112.1 പ്രകാരം കരാറുകാരന്റെ കാരണത്താൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കാലതാമസം വന്നാൽ ഫൈൻ ഈടാക്കിക്കൊണ്ട് പ്രവൃത്തി പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകാവുന്നതാണ്. ത.സ്വ.ഭ. അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18-8-2018 ലെ എ. സി 2/223/15 സർക്കുലർ പ്രകാരം കരാറുകാർ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നാൽ ആദ്യ 3 മാസത്തേക്ക് 1%, തുടർന്നുള്ള ഓരോ 3 മാസത്തേക്കും 2% നിരക്കിലും പിഴ ഈടാക്കണമെന്ന് നിർദേശിച്ചിട്ടുണ്ട്. ചുവടെ ചേർക്കുന്ന മരാമത്ത് പ്രവർത്തികളുടെ ഫയൽ പരിശോധിച്ചതിൽ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിൽ കാലതാമസം നേരിട്ടുള്ളതായി

ബോദ്ധ്യപ്പെട്ടിട്ടുണ്ട്. താമസിച്ച് പൂർത്തിയാക്കിയ പ്രസ്തുത പ്രവർത്തിയുടെ പേമെന്റ് ബില്ലിൽ നിന്നും പിഴ ഈടാക്കിയിട്ടില്ല. പ്രവൃത്തി പൂർത്തീകരണത്തിന് കരാറുകാരൻ അധിക സമയത്തിന് അപേക്ഷ നൽകുകയോ ഭരണസമിതി അധിക സമയം അനുവദിക്കുകയോ ചെയ്തിട്ടുമില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം | പ്രോജക്ട് നം. പേര് | കരാറുകാരന്റെ പേര് | പ്രവൃത്തി പൂർത്തീ കരിക്കേണ്ട കാലയളവായി TS ൽ രേഖപ്പെടു ത്തിയിട്ടുള്ളത് | എഗ്രിമെന്റ് തീയതി | പ്രവൃത്തി പൂർത്തീ കരിക്കേണ്ട തീയതി | പ്രവൃത്തി പൂർത്തീകരിച്ച തീയതി | പ്രവൃത്തി മൂല്യം | ബിൽ നം/ തീയതി,തുക |
|---|---|---|---|---|---|---|---|---|
| 1 | SO121/19, മാവിൻമൂട് വെള്ളം കിടക്കും പാറ റോഡ് റീടാറിംഗ് | ശ്രീ നാദർഷാൻ | 3 മാസം | 27-10-17 | 26-1-18 | 8-3-18 | 859022 | 10/17-5-18, തുക 8,59,022/- രൂപ |
| 2 | SO122/19, വളാഞ്ചേരി ശ്രീകുമാർ തിയേറ്റർ റോഡ് റീടാറിംഗ് | ശ്രീലൂണഎസ് കെ | 3 മാസം | 5-10-17 | 4-1-18 | 19-3-18 | 579032 | 17/31-7-18, തുക 5,79,032/- രൂപ |
| 3 | SO134/19, ചൂട്ടയിൽ കൊട്ടാരം റോഡ് റീടാറിംഗ് | ശ്രീലൂണഎസ്.കെ | 3 മാസം | 5-10-17 | 4-1-18 | 17-3-18 | 447921 | 14/22-5-18, തുക 4,47,921/- രൂപ |
| 4 | കിളിക്കോട്ടുകോണം ഉള്ളൂർക്കോണം റോഡ് റീടാറിംഗ് & ഐറിഷ് ഡ്രെയിൻ നിർമാണം (SO 44/19) | ശ്രീ നാദർഷാൻ | 3 മാസം | 20-7-18 | 19-10-18 | 14-1-19 | 605544 | 54/22-1-19 തുക 6,05,541/- രൂപ |
| 5 | ചൂട്ടയിൽ ശ്രീനാരായണപുരം ടെമ്പിൾ റോഡ് റീ ടാറിംഗ്& ഐറിഷ് നിർമാണം (SO 35/19) | ശ്രീ.നാദർഷാൻ | 3 മാസം | 6-7-18 | 5-10-18 | 7-1-19 | 479663 | 51/14-1-19 തുക 4,79,663/- രൂപ |
| 6 | ശൃംഗംകോട് അംബേദ്കർ കോളനി റോഡ് കോൺക്രീറ്റിംഗ് (SO 131/19) | ശ്രീ നാദർഷാൻ | 3 മാസം | 25-9-17 | 24-12-17 | 13-3-18 | 190697 | 15/22-5-18, തുക 1,90,697/- |
| 7 | മുളക്കലത്തുകാവ് റേഷൻകട അത്തർ പള്ളി റോഡ് റീടാറിംഗ് & ഐറിഷ് ഡ്രെയിൻ നിർമാണം (SO 40/19) | ശ്രീ നാദർഷാൻ | 3 മാസം | 6-7-18 | 5-10-18 | 5-1-19 | 564780 | 52/14-1-19, തുക 5,64,780/- |
| 8 | ദേവേശ്വരം റോഡ് ഐറിഷ് ഓട നിർമാണം & സൈഡ് വാൾ നിർമാണം (SO 41/19) | ശ്രീഅബ്ദുൽ ബാരി | 3 മാസം | 13-7-18 | 14-10-18 | 25-1-19 | 396563 | 51/11-2-19, തുക 3,96,563/- രൂപ |

ടാർ കിട്ടാനുള്ള കാലതാമസവും മഴയും പ്രതികൂല കാലാവസ്ഥയും കാരണമാണ് പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ കാലതാമസം ഉണ്ടായതെന്നാണ് ഓഡിറ്റ് എൻക്വയറി (34/30-8-2019)ക്കുള്ള വിശദീകരണം. ഇപ്രകാരം പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ കാലതാമസം നേരിടുന്ന സന്ദർഭത്തിൽ കരാറുകാരൻ പ്രവൃത്തി ദീർഘിപ്പിച്ച് ലഭിക്കുന്നതിന് അപേക്ഷ നൽകേണ്ടതും ഭരണസമിതി ഉചിതമായ തീരുമാനം കൈക്കൊള്ളേണ്ടതുമാണ്. എന്നാൽ അപ്രകാരമുള്ള നടപടികൾ സ്വീകരിക്കാത്തതിനാൽ പിഴ ഇനത്തിൽ ഈടാക്കേണ്ട 36190/- രൂപ ഉത്തരവാദികളിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

- 
ഇല്ല

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 19-07-2019 മുതൽ 20-07-2019 വരെ | നം. കെ എസ് എ റ്റി വി എംജി പി 9/ 1414/19, തീയതി 19-08-2019 |

# 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | പ്രോജക്ട് നം | പേര് | 2018-19 ൽ ലഭിച്ച തുക | ചെലവഴിച്ച തുക | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | | സ്നേഹസ്പർശം ശാരീരിക മാനസിക വെല്ലുവിളി സ്കോളർഷിപ്പ് | 149625 | 149625 | 0 |
| | 61/19 | ക്ഷീര സമൃദ്ധി ജനറൽ | 74462 | 74462 | 0 |
| | 60/19 | ക്ഷീര സമൃദ്ധി വനിത | 130719 | 130719 | 0 |
| | 06/19 | ഭൂമിയുള്ള ഭവന രഹിതർക്ക് വീട് ലൈഫ് ഭവന ജനറൽ | 1035025 | 1035000 | 25 |
| | 07/19 | ഭൂമിയുള്ള ഭവന രഹിതർക്ക് വീട് ലൈഫ് ഭവന എസ്.സി.പി | 1833993 | 1810678 | 23315 |
| | 94/19 | ജലശ്രീ കിണർ റീചാർജിംഗ് ജനറൽ | 216000 | 19260 | 196740 |
| | 96/19 | ജലശ്രീ കിണർ റീചാർജിംഗ് എസ്.സി | 80000 | 5600 | 74400 |
| | 72/19 | കേദാരം | 476000 | 476000 | 0 |

| | | | | | |
|---|---|---|---|---|---|
| | | സമഗ്ര നെൽകൃഷി വികസനം | | | |
| | 97/19 | ജൈവ സമൃദ്ധി തരിശു ഭൂമി കൃഷി | 37500 | 37500 | 0 |
| | | | 4033324 | 3738844 | 294480 |
| ജില്ലാപഞ്ചായത്ത് | | സ്നേഹസ്പർശം, ശാരീരിക മാനസിക വെല്ലുവിളി സ്കോളർഷിപ്പ് | 149625 | 149625 | 0 |
| | 60/19 | ക്ഷീര സമൃദ്ധി വനിത | 85000 | 85000 | 0 |
| | 61/19 | ക്ഷീര സമൃദ്ധി ജനറൽ | 120000 | 120000 | 0 |
| | 06/19 | ഭൂമിയുള്ള ഭവന രഹിതർക്ക് വീട് ലൈഫ് ഭവന ജനറൽ | 921894 | 815000 | 106894 |
| | 07/19 | ഭൂമിയുള്ള ഭവന രഹിതർക്ക് വീട് ലൈഫ് ഭവന എസ്.സി.പി | 782322 | 782322 | 0 |
| | 72/19 | കേദാരം സമഗ്ര നെൽകൃഷി വികസനം | 348500 | 348500 | 0 |
| | 97/19 | ജൈവ സമൃദ്ധി തരിശു ഭൂമി കൃഷി | 37500 | 37500 | 0 |
| | 94/19 | ജലശ്രീ കിണർ റീചാർജിംഗ് ജനറൽ | 45360 | 24597 | 20763 |
| | 96/19 | ജലശ്രീ കിണർ റീചാർജിംഗ് എസ്.സി | 4800 | 2400 | 2400 |
| | 92/19 | ഹരിത ഭവനം | 280000 | 280000 | 0 |
| ആകെ | | | 2775001 | 2644944 | 130057 |

# 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

<u>നിക്ഷേപപ്രവൃത്തികൾക്ക് നൽകിയതുകയുടെ വിവരങ്ങൾ</u>

| നിർവ്വഹണ ഏജൻസി | 2018-19 സാമ്പത്തികവർഷം മുൻകൂർ നൽകിയ തുക | | 2018-19 സാമ്പത്തികവർഷം ചെലവഴിച്ച തുക (യു.സി ലഭ്യമായത്) | | ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | പ്രോജക്റ്റ് നം, പേര് | തുക | പ്രോജക്റ്റ് നം, പേര് | തുക | |
| കെ.എസ്.ഇ.ബി | 142/19 തെരുവുവിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ | 857928 | 142/19 തെരുവുവിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ | ഇല്ല | 857928 ( 3-7-2019 ൽ UC ലഭിച്ചു) |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

# 4-5 വായ്പ / വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDF ലൈഫ് | L.F511/2018 Life Dtd 01/01/2019 of CEO Life mission | 20256156 * | 0 | 0 | | 20256156 |

* പലിശ ഉൾപ്പെടെയുള്ള തുകയാണ് വായ്പ തുകയായി കാണിച്ചിട്ടുള്ളത്. എന്നാൽ ഈ അക്കൗണ്ടിൽ ലൈഫ് ജില്ലാ പഞ്ചായത്ത് വിഹിതമായ 106117/- രൂപയും വരവ് വന്നിട്ടുണ്ട്. ഈ തുകയും ചേർന്നുള്ള ആകെ തുകയുടെ പലിശയാണ് അക്കൗണ്ടിൽ വന്നിട്ടുള്ളത്.

# 4-6 സ്ഥിര നിക്ഷേപം

ഇല്ല.

# 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 57536/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | റിപ്പോർട്ട് വർഷം | ഖണ്ഡിക | ഉദ്യോഗസ്ഥന്റെ പേര്, സ്ഥാനം | സ്വയം അടവാക്കിയ തുക | | റിമാർക്ക്സ് |
|---|---|---|---|---|---|---|
| | | | | രസീത് നം | തുക | |
| 1 | 2010-11 | 2(1) | ഭരണസമിതി അംഗങ്ങൾ | 118110100284 | 3700 | |
| 2 | 2017-18 | 2(2) | സെക്രട്ടറി | 118110400004 | 1250 | തൊഴിൽ നികുതി 17/18 ഒന്നാം പാദം (എസ്.ബി.എെ) |
| 3 | 2017-18 | 2(2) | സെക്രട്ടറി | 118110101803 | 2500 | മുത്തൂറ്റ് മൈക്രോ ഫിനാൻസ് തൊഴിൽ നികുതി 17/18 |
| 4 | 2017-18 | 3(6) | എ.ഇ, എൽ.എസ്.ജി.ഡി | 118110103092 | 1868 | മങ്കാട് മണ്ണക്കിനാട് റോഡ് കോൺക്രീറ്റിംഗ് |
| 5 | 2017-18 | 3(6) | എ.ഇ, എൽ.എസ്.ജി.ഡി | 118110103093 | 3274 | മുളയ്ക്കലത്തുകാവ് .പി.എച്ച്.സിയിൽ ബാലൻസ് പ്രവൃത്തികൾ |
| 6 | 2017-18 | 3(6) | എ.ഇ, എൽ.എസ്.ജി.ഡി | 118110103123 | 1884 | ചത്രുകോമം റോഡ് കോൺക്രീറ്റിംഗ് |
| 7 | 2017-18 | 3(6) | എ.ഇ, എൽ.എസ്.ജി.ഡി | 118110103189 | 6007 | ഖണ്ഡിക 3-6 ക്രമ നം 1,2,5 |
| 8 | 2017-18 | 3(6) | എ.ഇ, എൽ.എസ്.ജി.ഡി | 118110103145 | 5551 | ഖണ്ഡിക 3-6 ക്രമ നം 16,17,18 |
| 9 | 2017-18 | 3(6) | എ.ഇ, എൽ.എസ്.ജി.ഡി | 118110103689 | 31502 | ഖണ്ഡിക 3-6 ക്രമ നം6,7,8,9,11,13, 14,15 |
| **ആകെ** | | | | | **57536** | |

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നമ്പർ | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നമ്പർ | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 2012-13, 3.9 | 2014, 4.1.4 | പോങ്ങനാട് സ്കൂൾ | തൽ |

| | | | |
|---|---|---|---|
| | | കോമ്പൗണ്ട് മാലിന്യ സംസ്കരണ പ്ലാന്റ് | സ്ഥിതി തുടരുന്നു |

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം ചാർജ് / സർചാർജ് നടപടികളുടെ വിവരം

ഇല്ല

# 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 106390095 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 89599274 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 36190 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ഇല്ല |

**(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നം | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|
| 2-1 | 36190 | ശ്രീമതി.ഷീബ.എസ് അസിസ്റ്റന്റ് എഞ്ചിനീയർ |

**<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

ഇല്ല

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

ഇല്ല

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര് | ഔദ്യോഗിക മേൽ വിലാസം | സ്ഥിര മേൽവിലാസം |
|---|---|---|---|
| 2-1 | ശ്രീമതി ഷീബ.എസ് | അസിസ്റ്റന്റ് എഞ്ചിനീയർ കിളിമാനൂർ ഗ്രാമപഞ്ചായത്ത് | ജന്നത്ത്, അവനവൻചേരി.പി.ഒ ആറ്റിങ്ങൽ |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷി ക്കുന്ന ഖണ്ഡിക | റിമാർക്സ് |
|---|---|---|---|

| | | കളുടെ എണ്ണം | |
|---|---|---|---|
| 2001-02 | കെ.എസ്.എ.റ്റി.വി.എം/ ജിപി9/ 841 /2018 തീയതി: 05-05-2018 | 1 | |
| 2007-08 | കെ.എസ്.എ.റ്റി.വി.എം/ ജിപി9/ 841 /2018 തീയതി:05-05-2018 | 1 | |
| 2008-09 | കെ.എസ്.എ.റ്റി.വി.എം/ ജിപി9/ 841 /2018 തീയതി:05-05-2018 | 5 | |
| 2009-10 | കെ.എസ്.എ.റ്റി.വി.എം/ ജിപി9/ 841 /2018 തീയതി:05-05-2018 | 2 | |
| 2010-11 | കെ.എസ്.എ.റ്റി.വി.എം/ ജിപി9/ 841 /2018 തീയതി:05-05-2018 | 5 | |
| 2011-12 | കെ.എസ്.എ.റ്റി.വി.എം/ ജിപി9/ 841 /2018 തീയതി:05-05-2018 | 6 | |
| 2012-13 | കെ.എസ്.എ.റ്റി.വി.എം/ ജിപി9/ 841 /2018 തീയതി:05-05-2018 | 1 | |
| 2014-15 | കെ എസ് എ റ്റിവിഎം/ ജിപി9/ 841 /2018 തീയതി:05-05-2018 | 2 | |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.ജി.പി.9/2025/16 തീയതി:25.11.2016 | 6 | |
| 2016-17 | കെ.എസ്.എ.റ്റി.വി.എം.ജി.പി.9/1665/2017 | 8 | |
| 2017-18 | കെ.എസ്.എ.റ്റി.വി.എം.ജി.പി.9/1846/2018 തീയതി.7.9.19 | 18 | |

ഒപ്പ്

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

# <u>അനുബന്ധം - I</u> <u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

1994 ലേ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ **കിളിമാനൂർ** ഗ്രാമപഞ്ചായത്തിന്റെ **2018-19** സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങളും അക്കൗണ്ട് പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങളും ഒഴികെ എന്റെ അഭിപ്രായത്തിൽ **കിളിമാനൂർ** ഗ്രാമപഞ്ചായത്തിന്റെ **2018-19** ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകൾ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു.

ഒപ്പ്

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

ബി.റ്റി